

E-Magazine
ദീപാങ്കുരം
L
M
H
S
S
MANGALAM DAM


ലൂർദ്ദ് മാതാവേ,
ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കണമെ...

little KITEs






# ലൂർദ്ദ് മാതാ ഹയർസെക്കൻ്ററി സ്ക്കൂളിൽ ഇനി ഹൈടെക് ക്ലാസ് മുറികൾ



**മംഗലംഡാം:**ലൂർദ്ദ് മാതാ ഹയർ സെക്കൻഡറി സ്ക്കൂളിൽ 18 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി ഉയർത്തി കൈറ്റ് മാസ്റ്റർ ട്രെയ്നറും ആലത്തൂർ സബ് ജില്ല ,ഐ.ടി സ്ക്കൂൾ കൊ.ഓർഡിനേറ്ററുമായ ജി.പത്മകുമാർ ഹൈടെക് ക്ലാസ് മുറികളുടെ ഉദ്ഘാടനം നിർവഹിച്ചു.പി.ടി.എ പ്രസിഡന്റ് സിദ്ദിഖ് അദ്ധ്യക്ഷത വഹിച്ചു.

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ :കൃഷ്ണലയ എം.പി

സബ് എഡിറ്റർ :നവീൻ കുമാർ
അജിത്ത് എസ്
റിസ്‌വാന എം
നേഹ യു
ഏഞ്ചല മരിയ
സൂര്യ കെ.എസ്
സാനിയ ജിമ്മി

ഡിസൈൻ & ലേഔട്ട് :മെൽവിൻ ജോസഫ്
ഡെഫിൻ മെത്യു
അൻസൽ ആർ

സന്ദേശം
ഗുരുമൊഴി
മുഖമൊഴി
ഓണം വിളമ്പിയ പ്രളയം
ഞാൻ കണ്ട വെള്ളപ്പൊക്കം
ഓണവിശേഷം
മഴ നനഞ്ഞ ബാല്യം
മദ്യസംസ്കാരം
ഞാൻ കണ്ട മേഘം
ബാല്യകാലം
മനസ്സ്
പ്രകൃതി സൗന്ദര്യം
കടംങ്കഥകൾ
ഓർമ്മ
ഒരു ഓർമ്മപെടുത്തൽ
എന്റെ ഗുരുനാഥൻ
എന്റെ വിദ്യാലയം
ഒരു പുസ്തകതാളിന്റെ ഇരുവശങ്ങൾ
ക്കുട്ടുകാരൻ
ചിത്രശലഭം
മനഃസാക്ഷിയുടെ ശബ്ദം
ഗുരുവിനൊരു സമർപ്പണം
സ്റ്റീഫൻ ഡബ്ല്യൂ ഹോക്കിങ്
ചിറക്കില്ലാത്ത ശലഭം
ചിന്തയിലെ പൂവ്
കടലോളത്തിലെ കടലാസ്സുതോണി
രൂപഭംഗി
മുത്തശ്ശികഥ
കെടാത്ത വിളക്ക്
എന്റെ മൂവാണ്ടൻ മാവ്
സ്വപ്നമീയാത്രാനുഭവം
നിങ്ങളുടെ ഓക്സിജൻ ടാങ്കുകൾ കാലിയാണ്
പകൽ
നന്ദിയുടെ രണ്ട് വാക്ക്

# സന്ദേശം

പ്രിയ സുഹൃത്തുക്കളെ,

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശേഖരിച്ച എല്ലാവിധ സൃഷ്ടികളും വളരെ മനോഹരമായിരിക്കുന്നു. ഇതിലൂടെ മലയാള ഭാഷയിലുള്ള രചനാവൈഭവം അവർക്ക് വളർത്താൻ കഴിയും. വിവര വിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയലോകത്തേക്ക് അതിലതിഷ്ഠിതമായ പുത്തൻ പഠനാനുഭവങ്ങളിലേക്കും വിദ്യാർത്ഥികളെ കൈപിടിച്ചുയർത്താൻ സാധിച്ചു എന്നുള്ളത് ചാരിതാർത്ഥ്യ ജനകമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികളെയും ഞാൻ അഭിനന്ദിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ രൂപം കൊള്ളുന്ന 'ദീപാങ്കുരം' എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാ വിധ ആശംസകളും നേർന്നു കൊള്ളുന്നു.



സ്നേഹത്തോടെ,

ഹെഡ്മിസ്ട്രസ്

സിസ്റ്റർ. ആൽഫിതെരേസ്

# ഗുരുമൊഴി

**"ഒരാൾ കൊളുത്തുന്ന ദീപപ്രഭയിൽ**

**ഒരായിരം പേർക്ക് വഴിനടക്കാം."**

**നാമ്പിടുന്ന ഈ ദീപനാളങ്ങൾക്കും അതു**

**സാധിക്കട്ടെ...........!!**

**പ്രിയ വിദ്യാർത്ഥികളെ ,**

**നാമെല്ലാം പ്രകാശിതമാകാൻ കാത്തിരിക്കുന്ന ദീപങ്ങളാണ്.സകലേശൻ കൊളുത്തിത്തന്ന ദീപങ്ങളിൽ അറിവാകുന്ന എണ്ണ ഗുരുക്കൾ പകർന്നാൽ , തമസ്സിനെ അകറ്റി ലോകത്തിന് പ്രകാശമാവാൻ സിദ്ധിയുള്ളവർ!**

**ജ്ഞാനം ഇറ്റിറ്റായി നമ്മിൽ വീഴുമ്പോൾ അത്യധികം ഊർജ്ജസ്വലതയോടെ മന്ദസ്മിതം തൂകി നന്മയായി തെളിയാൻ യത്നിക്കുന്ന ഈ ദീപങ്ങളിൽ ഒരംശം പോലും കളങ്കം കലരാതിരിക്കട്ടെ .ഒരു കാറ്റു വന്നപോലും ഈ നാളത്തിന് ഉലച്ചിലുണ്ടാവാതിരിക്കാൻ ഞങ്ങളുടെയും സർവ്വേശന്റെയും അനുഗ്രഹങ്ങൾ അതിന് കവചമായിരിക്കട്ടെ. നിങ്ങളാൽ പ്രകാശിതമായ വീഥിയിലൂടെ അനേകർക്ക് വഴിനടക്കാൻ കഴിയട്ടെ..........**

# മുഖമൊഴി

ഇത് കീബോർഡിലെ ബട്ടണുകളെ

കൗതുകത്തോടെനോക്കി,

ഗുരുക്കളുടെ കൈപിടിച്ച് വിജ്ഞാനലോകത്ത്

പിച്ചവച്ചുനടക്കുന്ന കുരുന്നുദീപങ്ങളുടെ

സ്വപ്നസാഫല്യം!

പേനയും പേപ്പറും മാറോട്ചേർത്തവരുടെ കൈകളിൽ

മൗസ് അമർന്നപ്പോൾ മുളപൊട്ടിയ

ദീപനാളം!

ശാസ്ത്രമാകുന്ന സൂര്യബിംബം എത്തിപ്പിടിക്കാൻ

ശ്രമിക്കുന്ന ഈ കൊച്ചുപട്ടങ്ങളുടെ

പ്രയത്നത്തിൽ ഏവരുടെയും അനുഗ്രഹങ്ങൾ

പ്രതീക്ഷിക്കുന്നു. മിഴികൾ താളുകളിലൂടെ

ഒഴുകിനീങ്ങുമ്പോൾ ആസ്വാദകമനസ്സിൽ

ഒരു വസന്തം തന്നെ വിരിയും എന്ന പ്രത്യാശയോടെ

ഞങ്ങൾ, ഈ കൊച്ചുപട്ടങ്ങൾ,

നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.......

ഈ ദീപാങ്കുരം.

ചീഫ് എഡിറ്റർ

-കൃഷ്ണലയ എം. പി.

# ഒരുമയുടെ ഓണം വിളമ്പിയ പ്രളയം

ഓണമെന്നോർക്കവെ എൻ മനസ്സിൽ

പൂക്കുന്ന സന്തോഷത്തിന്റേയും-

സമാധാനത്തിന്റെയും നാളുകൾ.

എന്നാൽ ഈ ഓണം എൻ

സഹോദരങ്ങളെ ദൈവത്തിന-

ടുത്തെത്തിച്ച ഓണം

ഈ പ്രളയത്തിൽ നാമെല്ലാവരും

പഠിച്ച വെള്ളത്തിന്റെ വില.

നാമെല്ലാവരും പ്രകൃതിയെ

ദുർവിനിയോഗം ചെയ്യതിന്

## പ്രകൃതിയുടെ കരച്ചലി പ്രളയം .

നേഹ

# ഞാൻ കണ്ട വെള്ളപ്പൊക്കം

"പ്രളയം" - 2018-ൽ കേരളമെന്ന സംസ്ഥാനത്തൊക്കെയാകെ പിടിച്ചുലച്ച വൻ പ്രകൃതി ദുരന്തം. അതിന്റെ ഇരുച്ചിൽ നിന്നും കരകയറാൻ കഴിയാത്തവർ ഇന്നും ബാക്കി. കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളേയും പോലെ പ്രളയം എന്റെ കുടുംബത്തേയും ബാധിച്ചിരുന്നു- മറ്റുള്ളവരനുഭവിച്ച അത്രമേൽ ഇല്ലെങ്കിലും പ്രളയത്തിന്റെ കയ്പ്പ് നുകരുന്ന അവസ്ഥ എനിക്കുമുണ്ടായി.

ചിങ്ങം വന്നുപിറന്നിട്ടുപോലും കർക്കിടകത്തിന്റെ പ്രതീതി തുടർച്ചയായ മഴ. കുളങ്ങളും വയലുകളും പുഴകളുമെല്ലാം നിറഞ്ഞുകവിഞ്ഞു. സംഭരണശേഷിയെത്തയ ഡാമുകൾ തുറന്നു വിടാൻ തുടങ്ങി. ഇടുക്കി അണക്കെട്ടുവരെ തുറന്നുവിട്ടുവെന്ന വാർത്ത തുടർച്ചയായി ടി.വി - യിലും പത്രത്തിലും

കാണുന്നുണ്ടായിരുന്നു. സ്കൂളുകൾക്ക് തുടർച്ചയായി അവധി പ്രഖ്യാപിക്കാൻ തുടങ്ങി. ഒരിക്കലും പ്രളയം സംഭവിക്കാൻ സാധ്യതയില്ലാത്ത പാലക്കാട് ജില്ലയ്ക്ക്പോലും തുടർച്ചയായ അവധി. ടൗണിലൂടെ മനുഷ്യർ നീന്തുന്ന അത്ഭുതകരമാ-

യ, ഭീതിജനകമായ കാഴ്ചകൾ. വീടുകളിലും മറ്റു പലയിടത്തായും കുടുങ്ങിക്കിടക്കുന്ന ആളുകൾ, ദിവസങ്ങളോളം ആഹാരവും വെള്ളവും കിട്ടാതെ വീടിനുള്ളിൽ കഴുത്തറ്റം വെള്ളത്തിൽ കിടന്ന് മരണമടയുന്നവരെ കണ്ടെത്തുന്ന രക്ഷാപ്രവർത്തകർ. ലോകത്തിന് സർവ്വനാശം സംഭവിക്കുന്ന പ്രതീതി. ഈ ദിവസങ്ങൾ ഞാനും ഭയത്തോടെയാണ് തള്ളി നീക്കിയിരുന്നത്. അത് കവിഞ്ഞ് പറമ്പിലെത്തി വെള്ളം. ഓരോ രാത്രിയും വീടുമുങ്ങുമോ എന്നുള്ള ഭയം. വർഷങ്ങൾക്കുമുമ്പ് ഇങ്ങനെയൊരു വെള്ളപ്പൊക്കത്തിന് ശേഷം ഇടിഞ്ഞ ഭിത്തിയൊക്കെ കെട്ടിയതാണ്. ഇനിയൊരു പ്രളയം വീടുതാങ്ങുമോ എന്ന ഭയമുണ്ടായിരുന്നു. മാത്രമല്ല വീട്ടിൽ വെള്ളം കയറിയാൽ എല്ലാം നനയും പിന്നീട് എല്ലാം പഴയപടിയാക്കാൻ ബുദ്ധിമുട്ടാണ്.

അങ്ങനെയിരിക്കെ വീട് മുങ്ങി. രാത്രി രണ്ടു മണിക്കാണ് വെള്ളം പൊങ്ങിയത്. ഞങ്ങൾ ഒന്നര വരെ നോക്കിയിരുന്നു. പിന്നീട് വെള്ളം കയറുന്നില്ലെന്ന് കണ്ടപ്പോൾ ചെറുതായി മയങ്ങിപ്പോയി. പുഴയുടെ അരികിലായിരുന്നതു കൊണ്ട് പിന്നീട് വെള്ളം വേഗം കയറിത്തുടങ്ങി. അന്നത്തെ അന്തരീക്ഷം തന്നെ വ്യത്യസ്ഥമായിരുന്നു. കാക്കകൾ കരഞ്ഞുകൊണ്ട് കിഴക്കേ ചക്രവാളത്തിലേക്ക് പറക്കുന്നു. കാറ്റ് കിഴക്കോട്ടടിച്ചതിനാൽ പിന്നെ വെള്ളം പൊങ്ങിത്തുടങ്ങും എന്ന

കേട്ടിട്ടുണ്ടായിരുന്നു. പട്ടികൾ ഓളിയിട്ടുകൊണ്ടിരിക്കുന്നു. പശുക്കളും മറ്റു കന്നുകാലികളും പ്രത്യേക ശബ്ദമുണ്ടാക്കിയിരുന്നു. എനിക്കും മനസ്സിൽ ഇതുവരെ ഉണ്ടാകാത്ത തരം ഒരു അനുഭൂതി. വ്യത്യസ്ഥമായ അന്തരീക്ഷം. തോരാത്ത മഴയുമായി ഇരുണ്ടുമൂടിയ ആകാശം. പുറകുവശത്തെ പറമ്പ് നിറഞ്ഞു കവിഞ്ഞിരുന്നു. മുൻപിലെ പറമ്പിൽ വെള്ളം കയറി-ത്തുടങ്ങിയിട്ടുമുണ്ടായിരുന്നു. പിന്നീട് വലിയ വ്യത്യാസമൊന്നും കാണാഞ്ഞതിലാണ് ഒന്നരയ്ക്കു കിടക്കാമെന്നുകരുതിയത്. കണ്ണടച്ചപ്പോഴേക്കും നിലവിളി. എന്റെ മാമൻ ഓടിവന്ന് വീട്ടിൽനിന്ന് ഇറങ്ങാൻ പറഞ്ഞു. അന്നുമുഴുവൻ വൈദ്യുതി ഇല്ലാത്ത ബുദ്ധിമുട്ടും ഉണ്ടായിരുന്നു. ഞങ്ങൾ വീട്ടിൽനിന്ന് വേഗം ഇറങ്ങി ഓടി. കൂടെ നാല് പശുക്കളും ഉണ്ടായിരുന്നു. റോഡിൽ കയറുമ്പോഴേക്കും വെള്ളം നെഞ്ചറ്റം എത്തിയിരുന്നു. അമ്മയും അനിയനും കൂടി പശുക്കളെ അഴിച്ച് റോഡിൽ കയറ്റാൻ നോക്കുകയായിരുന്നു. സ്വന്തം ജീവരക്ഷാർത്ഥം അവയും ഓടിക്കയറി. പശുക്കിടാവിനെ എടുത്തു കൊണ്ട് റോഡിലെത്തിച്ചു. സ്നേഹിതരും അയൽപക്കക്കാരും, എന്തിന് ഞങ്ങൾക്ക് അപരിചിതരായവർ പോലും രക്ഷാ പ്രവർത്തനത്തിനായി കൈകോർത്തു. വീടുകളിൽ നിന്ന് കുട്ടികളെയെല്ലാം എങ്ങനെയോ ഒരു ഓട്ടോയിൽ കയറ്റി അയച്ചു. റോഡിലൊക്കെ ചില ഭാഗത്ത് തലേ ദിവസം തന്നെ വെള്ളം കയറിയിരുന്നു. അവിടെയൊക്കെ പുഴയോട് ചേർന്ന ഭാഗവും ആയിരുന്നു. അതിലൂടെ വന്ന ഒരു ബസ്സിന്റെ എൻജിൻ വെള്ളം കയറി കേടായി ഞങ്ങളുടെ വീടിന്റെ മുന്നിൽ ഇട്ടിരുന്നു. ആ വഴിയിലൂടെ ഓടിയിരുന്ന ഏകബസ്സായിരുന്നു അത്. അമ്മയും

അനിയനും മുത്തശ്ശനും മുത്തശ്ശിയുമൊക്കെ അതിൽ കിടന്നാണ് അന്നുറങ്ങിയത്. അനിയനാകെ തണുത്തുവിറച്ച് മരവിച്ച അവസ്ഥയിലായിരുന്നു. ഓട്ടോയിൽ കയറിയ ഞങ്ങൾകുട്ടികൾ വീഴ്‌ലിയിൽ മാമന്റെ സ്നേഹിതന്റെ വീട്ടിലാണെത്തിയത്. മാമന്റെ ഭാര്യയും നാലു മാസം മാത്രം പ്രായമുള്ള കുഞ്ഞും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. ഞങ്ങൾ മാമന്റെ കൂട്ടുകാരന്റെ വീട്ടിലേക്ക് എത്തിയപ്പോൾ രാത്രി ഏകദേശം 2:30 ആയിക്കാണും. ഉപയോഗിക്കാൻ മറ്റു വസ്ത്രങ്ങൾപോലും ഞങ്ങൾക്ക് എടുക്കാൻ പറ്റിയില്ല. നനഞ്ഞ വസ്ത്രവുമായി തണുത്തു വിറച്ച് പല്ലുകൂട്ടിയിടിക്കുന്ന അവസ്ഥയിലായിരുന്ന എനിക്കും മറ്റു കുട്ടികൾക്കും അവർ വസ്ത്രങ്ങൾ തന്നു. അമ്മയുടെയും അനിയന്റെയും മുത്തശ്ശന്റെയും മുത്തശ്ശിയുടേയും ഒക്കെ അവസ്ഥ എന്തായിരിക്കുമെന്നാലോചിച്ച് എനിക്ക് കരച്ചിൽ വന്നു. ആ ദിവസങ്ങളിൽ തുടർച്ചയായ ഉരുൾ പൊട്ടലുണ്ടായിരുന്നു. ഞങ്ങളുടെ വീടിനടുത്ത് തുടർച്ചയായി അഞ്ചുപ്രാവശ്യം ഉരുൾപൊട്ടി. വീടിനുമുന്നിലെ മലയിലും ഉരുൾപൊട്ടി. അതായിരുന്നു പുഴയിൽ പെട്ടെന്ന് ക്രമാതീതമായി വെള്ളം കൂടാനും വീടുമുങ്ങാനും കാരണം. ഒരു മൊബൈലിലും ചാർജ്ജും ഇല്ല.

ഞാൻ ഏറ്റവും പേടിച്ചത് വെള്ളം പൊങ്ങിയതിന്റെ പിറ്റേന്നാണ്. മാമന്റെ കൂട്ടുകാരന്റെവീട്ടൽ താമസിക്കുമ്പോൾ അവിടെ  എല്ലാ സ്ഥലത്തും വലിയ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ആണെന്നു പറഞ്ഞു. ഞങ്ങൾ താമസിച്ചിരുന്ന സ്ഥലമാകെ ഒറ്റപ്പെട്ടുപോയിരുന്നു. കുറേ പാലങ്ങളായിരുന്നു ആ സ്ഥലത്തെ

മറ്റിടങ്ങളുമായി ബന്ധിപ്പിച്ചിരുന്നത്. പുഴ കവിഞ്ഞതോടെ പാലങ്ങളെല്ലാം മുങ്ങി. അതുകൊണ്ടുതന്നെയാണ് ഞങ്ങൾക്ക് മറ്റുബന്ധുക്കളുടെ വീട്ടിൽ ചെന്നെത്താൻ കഴിയാതിരുന്നതും. അതുപോലെ ദുരിതാശ്വാസക്യാമ്പുകളിൽ എത്തിച്ചേരാനും കഴിഞ്ഞിരുന്നില്ല. അങ്ങനെ ആകെ ഒറ്റപ്പെട്ടു. ഞങ്ങൾ താമസിച്ച വീടിന്റെ പുറകിലെ മണ്ണിടിഞ്ഞു. അവിടെയൊരു വീടുണ്ടായിരുന്നു എന്ന് ഒരിക്കലും പറയാനാകാത്ത വിധം മണ്ണിനടിയിലേക്ക് പോയിരുന്നു. പുഴയോടുചേർന്നുള്ള വീടായിരുന്നു അത്. മണ്ണിടിഞ്ഞുവീണതോടെ പുഴനികന്നുദിശമാറി ഒഴുകാൻ തുടങ്ങി. ഞങ്ങൾ താമസിച്ചിരുന്ന വീട് ആ വീടിനെ അപേക്ഷിച്ച് അൽപം മുകളിലായിരുന്നു. ഇവിടെക്കൂടെ വെള്ളം കയറിയാൽ പിന്നെ ഓടാൻ സ്ഥലമില്ല. എല്ലാവരും ആകെ പേടിച്ചുപോയി. ആ വീട്ടുകാരും സാധനങ്ങളെല്ലാം സുരക്ഷിതസ്ഥാനങ്ങളിൽ വച്ച് വീട്ടിൽ നിന്ന് ഇറങ്ങാൻ തയ്യാറെടുപ്പുകൾ തുടങ്ങി. കൂടാതെ അമ്മയും അനിയനും ഒക്കെ ഇരുന്ന ബസ്സിൽ പോലും വെള്ളം കയറിയെന്ന് അറിഞ്ഞു. എന്റെ മനസ്സ് ശൂന്യമായി. എന്തോ നടക്കാൻ പോകുന്നതുപോലെ. എന്തിനേയും നേരിടാനുള്ള ചങ്കൂറ്റം നേടാൻ ഞാൻ എന്നെത്തന്നെ പഠിപ്പിക്കുകയായിരുന്നു. ഞങ്ങൾ കൂട്ടത്തോടെയിരുന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. മാമന്റെ ഭാര്യ നഗരത്തിൽ ജനിച്ച വളർന്നതിനാൽ ആദ്യമായാണ് ഇത്തരമൊരു സാഹചര്യം ഉണ്ടാകുന്നത്. കൂടെയാണെങ്കിൽ നാലു മാസം പ്രായമുള്ള കുഞ്ഞും. ആ വീട്ടുകാർ സാധനങ്ങളെല്ലാം അടുക്കി, ഇറങ്ങാൻ തയാറായ രീതിയിൽ. അന്നു രാത്രിയിലും നല്ല മഴയുണ്ടായിരുന്നു. അന്നും കുറേ സ്ഥലത്ത്, അടുത്തുള്ള

സ്ഥലങ്ങളിൽ ഉരുൾ പൊട്ടി. കോരിച്ചൊരിയുന്ന മഴയത്തും രാത്രി ജാഗ്രതാനിർദേശം കൊടുക്കുന്ന വാഹനങ്ങൾ മൈക്കിലൂടെ അപകടമേഖലയിലുള്ള വീടുകളിൽ നിന്ന് ആളുകളോട് ഒഴിയണമെന്ന് അറിയിപ്പ് നൽകിക്കൊണ്ടിരുന്നു. താഴ്ന്ന പ്രദേശങ്ങളിലെആളുകളെയൊക്കെദുരിതാശ്വാസക്യാമ്പുകളാക്കി മാറ്റിയ പള്ളികളിലേക്കും മറ്റും മാറ്റി പാർപ്പിച്ചു. വീണ്ടും അഞ്ചിടത്ത് ഉരുൾ പൊട്ടി. സ്ഥലം മൊത്തത്തിൽ ഒറ്റപ്പെട്ടുകൊണ്ടിരുന്നു. എങ്ങോട്ടും പോവാൻ കഴിയില്ല. എല്ലാവരും പേടിച്ച് കരയാറായി.

അവസാനം ആരുടെയൊക്കെയോ പുണ്യം കൊണ്ടും ഞങ്ങളുടെയൊക്കെ വിളി ഈശ്വരൻ കേട്ടതുകൊണ്ടുമാവാം, ദൈവത്തിന് ഞങ്ങളോട് കരുണ തോന്നി, വെള്ളം സാവധാനം കുറയുമെന്നും ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് വെള്ളം കയറില്ലെന്നും പകുതി മുങ്ങി ഒലിച്ചുപോകുമെന്നുകരുതിയ അമ്മയും അനിയനുമൊക്കെ ഇരുന്നിരുന്ന ബസ്സിൽ നിന്നും വെള്ളമിറങ്ങിയെന്നും അറിഞ്ഞു. അമ്മയേയും ബന്ധുക്കളേയും അനിയനേയുമൊക്കെ ഞങ്ങളുടെ പ്രളയം ബാധിക്കാതിരുന്ന അയൽപ്പക്കക്കാർഅവരുടെ വീടുകളിലേക്ക് കൂട്ടികൊണ്ടുപോയിരുന്നു. അതുവരെ വല്ലാത്തൊരു മാനസികാവസ്ഥയായിരുന്നു എനിക്ക്.അകലെയുള്ള ബന്ധുക്കളെക്കാൾ അടുത്തുള്ള അയൽപക്കക്കാരാണ് ഞങ്ങൾക്കുവേണ്ടി കൂടുതൽ സഹായം എത്തിക്കാൻ സാധിച്ചത്. നന്മയുടെ, കരുണയുടെ മനുഷ്യത്വത്തിന്റെ കരങ്ങൾ പെരുവഴിയിൽ നിന്ന ഞങ്ങൾക്കുവേണ്ടി അവർ നീട്ടിയപ്പോൾ

ദൈവത്തിന്റെ പ്രതീകമായാണ് പ്രളയത്തെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ ഞാനവർക്കുവേണ്ടി ഓർക്കുക.

വെള്ളം ഇറങ്ങിക്കഴിഞ്ഞ് വീണ്ടും ഒരുദിവസം രാത്രി, പിറ്റേന്ന് തന്നെ വെള്ളം കയറിയെങ്കിലും ശേഷം വെള്ളം ഇറങ്ങിത്തുടങ്ങി. വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഞാൻ ഞെട്ടിപ്പോയി. വീടിന്റെ അവസ്ഥ കണ്ടാൽ സഹിക്കില്ല. എല്ലാ മുറിയിലും ഒരടിപ്പൊക്കത്തിൽ ചെളിയും ചേറും അടിഞ്ഞുകിടക്കുന്നു. ആദ്യത്തെ ദിവസം ഒന്നുരണ്ട് മുറികൾ എങ്ങനെയോ വൃത്തിയാക്കിയെടുത്തു. പിന്നീട് ദിവസങ്ങളെടുത്തു എല്ലാം ഒന്നു ശാന്തമാകാൻ ചിങ്ങ പിറവിക്ക് പൂക്കളം കാണേണ്ട മുറ്റത്ത് വെള്ളമായിരുന്നു പകരം സ്ഥാനം പിടിച്ചത്. അങ്ങനെ മറക്കാനാകാത്ത ഒരനുഭവമാണ് പ്രളയം ഞാനുൾപ്പെടെയുള്ള കേരള ജനതയ്ക്ക് സമ്മാനിച്ചത്.

## പ്രളയം

മേദിനി നിന്നുടൽ കീറിമുറിക്കുന്നതു കാൺകവേ
കൺകൾ നിറയുന്നു കാഴ്ചമറയുന്നു
മാനവനാകയാൽ ലജ്ജിതനായ് ഞാൻ
മാപ്പിരക്കുന്നു നിന്നോടു മാതാവേ
യന്ത്രക്കൈകളാൽ മാന്തിപ്പറിക്കുന്നു
കീറിമുറിക്കുന്നു കാടും മലയും
പച്ചപ്പുതപ്പ് വലിച്ചെറിഞ്ഞീടുന്നു
നഗ്നമാക്കീടുന്നു നിന്നുടൽ
മാറിലമിഴ്ത്തിവെച്ച അമൃതിലെ
മൊത്തവുമൂറ്റി വിൽക്കുന്നിതാ ചിലർ
ആർത്തനാദം മാറ്റൊലിക്കൊകവേ

സടകുടഞ്ഞെഴുന്നേൽക്കുന്ന പ്രകൃതിയും
കത്തിജ്വലിക്കുന്ന സൂര്യനെ കാർ-
മേഘങ്ങൾ വന്നു മറയ്ക്കുന്നു
ചുഴലിക്കൊടുറ്റാഞ്ഞടിച്ചീടുന്നു
കരകളെ തന്നോടെടുക്കുന്നു നദികളും
പ്രളയജലം വന്നു നിറയുന്നു
എങ്ങും ആർത്തനാദങ്ങൾ കേൾക്കുന്നു
പ്രകൃതിയിതാ അട്ടഹസിക്കുന്നു.
സകലതും തച്ചുടച്ചു തകർക്കുന്നു
ജനം രക്ഷതേടി പായുന്നു ചുറ്റിനും
കാരണം തേടി മാപ്പിരന്നീടുന്നു
കോപമടക്കുക മാതാവേ,
മാപ്പിരക്കുന്നു നിന്നോടു ഞങ്ങൾ
ചെയ്തു അവിവേകം പൊറുക്കുക
ക്ഷമയോ ഭൂമിദേവിതൻ വാക്കല്ലോ...

മേഘ നാരായണൻ.കെ

# ഓണവിശേഷം

ഓണം വന്നു തിരുവോണം
കേരളനാടിൻ പൊന്നോണം
തുമ്പ ചിരിക്കും തിരുവോണം
തുമ്പികൾ തുള്ളും പൊന്നോണം
പൂവിളി കേൾക്കും തിരുവോണം

പൂക്കളിറുക്കും പൊന്നോണം

മാബലിയെത്തും തിരുവോണം

മാമല നാടിന്നു പൊന്നോണം

ഊഞ്ഞാലാടിപ്പാടി രസിക്കും

മലയാളത്തിൻ തിരുവോണം.

അതുല്ല്യ

മഴ നനഞ്ഞ എന്റെ ബാല്യം

ജിവിതം മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിതുമ്പകൾ അല്ലോ നമ്മൾ

ഒരു നോക്കു കാണാനായി
മാനത്തേക്ക് കണ്ണും നട്ട്
നോക്കും സൂര്യകാന്തി പൂ

ക്കൾ അല്ലോ നമ്മൾ

മഴ വരും നേരമോർത്തു വിളിച്ചത്
നനഞ്ഞോരെന്റെ ബാല്യം
ഒക്കെക്കണ്ടൊരു ചിരിയാർന്നു നിൽക്കുമെന്ന്
തേൻമാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാടു സല്ക്കരിച്ചിരുന്നു.

ആൽഫിയ

## മദ്യസംസ്കാരം :മരണസംസ്കാരം

സമൂഹത്തെ കാർന്നുതിന്നുന്ന ഒരു മാരകരോഗമായിത്തീർന്നിട്ടുണ്ട് മദ്യപാനം.ഇതുമൂലം നശിക്കുന്ന വ്യക്തികളുടേയും കുടുംബങ്ങളുടേയും എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു.എന്നാലും സമൂഹത്തിൽ മദ്യം മാന്യതയുടെ മുഖമുദ്രയായിത്തീർന്നിട്ടുണ്ട്.പണ്ടുകാലത്ത് മദ്യശാലകളിൽ പോയി പുരുഷന്മാർ മാത്രം മദ്യപിച്ചിരുന്നു.എന്നാൽ ചില ഭവനങ്ങളിലെങ്കിലും ആഘോഷവേളകളിലെ

അവിഭാജ്യലഘടകമായി തീർന്നിരിക്കുന്ന മദ്യം.മതഗ്രന്ഥങ്ങളും കലാരൂപങ്ങളും കൊണ്ട് അലംകൃതമാകേണ്ട ഷോകെയ്സുകളിൽ വിദേശമദ്യക്കുപ്പികൾ സ്ഥാനം പിടിച്ചിരിക്കുന്നു.നമ്മുടെ നാട്ടിൽ ഒരു മദ്യസംസ്കാരം വളർന്നുവരുന്നു എന്നതിന്റെ തെളിവുകളാണിത്.

മദ്യപാനത്തോടൊപ്പം വർധിച്ചുവരുന്ന മറ്റു ചില ദുശ്ശീലങ്ങളാണു പുകവലിയും ലഹരിവസ്തുക്കളുടെ ഉപയോഗവും.ഇവയൊക്കെ വരുത്തിവയ്ക്കുന്ന മഹാവിപത്തുകൾ വിലയിരുത്തിയാൽ നാമിന്നൊരു 'മരണസംസ്കാരത്തെ'യാണു സ്വാഗതം ചെയ്തുകൊണ്ടിരിക്കുന്നതെന്നു ബോദ്ധ്യമാകും.

മനുഷ്യശരീരത്തെ സംബന്ധിച്ചിടത്തോളം മദ്യം വിഷമാണ്. .മദ്യപാനം ഇഞ്ചിഞ്ചായുള്ള ആത്മഹത്യയാണ്.ഇന്ത്യയിൽ ഓരോ മണിക്കൂറിലും ഒരാളെങ്കിലും മദ്യപാനം മൂലം മരിക്കുന്നു.വിഷമദ്യം കഴിച്ചു കൂട്ടത്തോടെ മരണമടഞ്ഞവരുടെ ചരിത്രവും നമുക്ക് അജ്ഞാതമല്ലല്ലോ?മദ്യം രക്തധമനികളെയും ഹൃദയത്തിന്റെ പേശികളെയും സാരമായി ബാധിക്കുന്നു.അവയെ ദുർബലപ്പെടുത്തുന്നു.ആമാശയത്തിൽ തുടർച്ചയായ മദ്യസേവമൂലം കടുത്ത വ്രണങ്ങൾ ഉണ്ടാകുന്നു.മദ്യപാനം തലച്ചോറിന്റെ പ്രവർത്തനങ്ങളെ വിപരീതമായി ബാധിക്കുന്നതിനാൽ നന്മതിന്മകളെ വിവേചിച്ചറിയാനുള്ള കഴിവ് നഷ്ട്പ്പെടുന്നു  വീട്ടിലും നാട്ടിലും അസമാധാനവും അരാജകത്വവും വർധിക്കുവാനേ മദ്യവും ലഹരിവസ്തുക്കളും സഹായിക്കുകയുള്ളൂ . മനുഷ്യൻ മദ്യം കുടിക്കുന്നു . അവസാനം മദ്യം മനുഷ്യനെ കുടിക്കുന്നു എന്ന ചൈനീസ് പഴമൊഴി വളരെ അർത്ഥവത്താണെന്നു പറയേണ്ടിയിരിക്കുന്നു .

സ്കൂൾ കാലഘട്ടത്തിൽതന്നെ മദ്യപാനത്തിന്റെയും ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെയും ദൂഷിതഫലങ്ങൾ മനസ്സിലാക്കുവാനും ഈ മഹാവിപത്തിനെതിരെ പ്രതികരിക്കുവാനും വിദ്യാർത്ഥികൾ പരിശ്രമിക്കണം.നല്ല മനുഷ്യരുടെ നിശ്ശബ്ദതയും തെറ്റുകൾ തഴച്ചുവളരുവാൻ ഇടയാക്കുമെന്ന് വിസ്മരിക്കാതിരിക്കാം.

അഞ്ജു പി ബി

## ഞാൻ കണ്ട മേഘം

സൂര്യനാം തോഴന്റെ കണ്ണുകൾ കൈകളാൽ

മൂടിയതെന്തു നീ മേഘമേ ?

കണ്ണുകൾ പൊത്തിക്കളിച്ചതാണോ ?

എന്നെ നോക്കേണ്ടെന്ന് ചൊന്നതാണോ ?

കർക്കിടകത്തിൽ ഞാൻകണ്ടനിൻ മുഖം

കൂരിരുട്ടുപോൽ തോന്നിയല്ലോ

ലജ്ജയോടെ മുഖം താഴ്ത്തിപിടിച്ചതോ ?

കുറ്റബോധമായ് കണ്ണീർ പൊഴിച്ചതോ ?

തുലാമാസയാത്രിയിൽ അലറിവിളിച്ചു നീ

ഭീതിയാലെന്നെ നിറച്ചതെന്തേ ?

നിന്റെ അമർഷങ്ങൾ തീർത്തതാണോ ?

നിൻ ദുഃഖമെന്നോടു ചൊന്നതാണോ ?

പിന്നൊരു വേളയിൽ ശാന്തമായി

എന്നെ തലോടിയുറക്കിയില്ലേ ?

ചാറ്റലായ് എൻ നേർക്കു വീണതല്ലേ ?

മുറ്റത്തു പിറകിലൂടോടി വന്നെന്നെ

പൊതിഞ്ഞു കണ്ണീരാൽ നനച്ചതെന്തേ

ഏങ്ങിക്കരച്ചിൽ നിറുത്തി പിന്നെ

വെയിലിനോടൊത്തു ചിരിച്ചതില്ലേ

-കൃഷ്ണലയ .എം.പി

# ബാല്യകാലം

*കളങ്കമില്ലാതെ ചിരിക്കാൻ കഴിഞ്ഞതും,*
*ചെറുവേദനകളിലും കരയാൻ കഴിഞ്ഞതും,*
*നിസ്സാരകാര്യത്തിന് പിണങ്ങാൻ കഴിഞ്ഞതും,*
*പെട്ടെന്നുത്തന്നെ ഇണങ്ങാൻ കഴിഞ്ഞതും,*
*കുസ്രുതിയാൽ ചിരി പടർത്താൻകഴിഞ്ഞതും,*
*നിഷ്കളങ്കമാം എൻ ബാല്യത്തിലായിരുന്നു.*
*ഇനിയൊരിക്കലും തിരിച്ചു ലഭിക്കാത്ത,*
*മാധുര്യത്തിന്റെ വസന്തകാലം എത്ര*
*സുന്ദരമാമെന്റെ ബാല്യകാലം...*

*ശ്രീലക്ഷമി . പി. എസ്.*

# മനസ്സ്

ആയിരം കിനാവുകൾ കാണുന്ന
മാന്ത്രിക പുഴപോലെൻ മനസ്സ്.
താളവും ഈണവും ചേർന്നൊരു
സംഗീതസദസ്സാണെൻ മനസ്സ്.
സ്നേഹവും സന്തോഷവും ചേർന്നോ-
രാലയമാണെൻ മനസ്സ്
തിരയും തീരവും ചേർന്നൊരാഴ-
ക്കടലാണെൻ മനസ്സ്.
നൂറോളം ആഗ്രഹങ്ങൾ മുളപൊട്ടും
കൊച്ചുകുഞ്ഞാണെൻ മനസ്സ്.
പൂവും ഇലകളും ചേർന്നൊരു
വൻ മരമാണെൻ  മനസ്സ്
ഈ മനസ്സിൽ വിരിയും കൊച്ചു നൊമ്പരങ്ങളും
സന്തോഷങ്ങളും എന്നെ ഞാനായി മാറ്റുന്നു.

# _പ്രകൃതി സൗന്ദര്യം



# കടങ്കഥകൾ

*അകത്തുതിരിവച്ചു പുറത്തു മുട്ടയിട്ടു (കുരുമുളക്)

*ആകാശത്തൊരു കരിമ്പടക്കെട്ട് (കാർമേഘം)

* ഒരമ്മ എപ്പോഴും വെന്തും നീറിയും (അടുപ്പ്)

* കണ്ണോളം വെള്ളമുണ്ടായിട്ടും മുങ്ങിക്കുളിക്കാൻ പറ്റുന്നില്ല (ഇളനീർ)

*ചുവന്നവൻ കുളിച്ചാൽ കറുത്തവനാകും (തീക്കട്ട)

*കാളകിടക്കും കയറോടും (മത്തൻ)

*തൊട്ടാൽ വീഴും തോപ്പിലെ മൂപ്പൻ (തൊട്ടാവാടി)

*ഇലഞ്ഞിമരത്തിൽ പല്ലിമുട്ട (നെല്ലിക്ക)

*കുടവയറന് കാലില്ല . തലയില്ല കഴുത്തുണ്ട് (കുടം)

*കണ്ണുണ്ടെങ്കിലും കാണുന്നില്ല (തേങ്ങ)

*ഒരാളെയേറ്റാൻ നാലാള് (കട്ടിൽ)

**ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ് (ചൂൽ)*

# ഓർമ്മ

നിറഞ്ഞുനിൽക്കുന്ന പർവ്വതങ്ങളുടെ അങ്ങേതാഴ്വരയിൽ പച്ചപരവതാനി വിരിച്ച നെൽപാടങ്ങളുടെ ഇടയിൽ ഇടതൂർന്നു നിൽക്കുന്ന മണിമല ഗ്രമം. വളരെ പഴക്കം ചെന്ന പുരാതന കുടുംബത്തിലാണ് ഞാൻ ജനിച്ചത്. അമ്മയുംഅച്ഛനും ചെറുപ്പത്തിലേ മരിച്ചുപോയി. എന്നെ വളർത്തി വലുതാക്കിയത് എന്റെ ഏട്ടനാണ് 'വിജയൻ'. എനിക്ക് ഏകദേശം ഒൻപത് വയസ്സായപ്പോൾ ഈ ഗ്രാമത്തിൽ നിന്നും ഞാൻ മടങ്ങി. എന്റെ പഠിത്തവും മറ്റും പട്ടണത്തിലായിരുന്നു. അവിടെ ചെന്നപ്പോഴാണ് നാട്ടിലെ മനുഷ്യരിൽ നിന്നും വളരെ വ്യത്യസ്ഥരാണ് പട്ടണത്തിലുള്ളവരെന്ന് ഞാൻ മനസ്സിലാക്കിയത്. പരസ്പര സഹകരണമൊന്നും അവർക്കില്ല. പട്ടണത്തിൽ എന്റെ പഠിത്തം പൂർത്തിയാക്കി കഴിഞ്ഞപ്പോഴാണ് ഒരു വാഹനാപകടത്തിൽപ്പെട്ട് എന്റെ ചേട്ടൻ മരിച്ചത്. നേരത്തെതന്നെ മണിമല ഗ്രാമത്തിൽ ഞങ്ങൾക്കൊരു വീടുണ്ടായിരുന്നു. ഏട്ടനുണ്ടായിരുന്നപ്പോൾ ആ വീട് സ്വർഗ്ഗമായിരുന്നു. എന്നാൽ ഇന്ന്....... ഏട്ടൻ പോയതോടെ ഞാൻ അനാഥനായി. ബന്ധുക്കൾ എന്നൊക്കെ പറയുന്നവരൊക്കെ എന്നെ അവഗണിച്ചു. എന്നാലും ഞാൻ ആത്മധൈര്യം സംഭരിച്ച് ജീവിച്ചു. ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള ഓട്ടത്തിനിടയിൽ എന്റെ ജീവിത

മാർഗ്ഗം ഞാൻ കണ്ടെത്തി. ഏട്ടന്റെ ആഗ്രഹം ഞാൻ വലിയൊരു സർക്കാർ ഉദ്യോഗസ്ഥനാകണമെന്നായിരുന്നു. അതുപോലെ ഞാൻ ആയിതീർന്നു. ഏട്ടൻ എന്നെ അജയാ എന്ന് വിളിക്കുന്നത് ഞാൻ ഇന്നും ഓർക്കുന്നു. ഇപ്പോൾ ചേട്ടൻ ഇല്ലാത്തതു കൊണ്ട് ഒരു നൊമ്പരം. സ്നേഹം വാരിക്കോരി തന്നിരുന്ന ചേട്ടനെ ഞാൻ എപ്പോഴും ഓർക്കും. ചേട്ടൻ എനിക്ക് ഒരുപാട് കളിപ്പാട്ടങ്ങൾ വാങ്ങിതന്നിട്ടുണ്ട്. അതൊക്കെ ഒരോരോർമ്മപോലെ ഞാൻ ഇന്നും കാത്തുസൂക്ഷിക്കുന്നു. അക്കാലത്ത് അനാഥനായ എന്നെ സഹായിക്കാൻ എന്റെ പ്രിയ സഖിയായ സുമന കടന്നു വന്നു. പിന്നെ ഞങ്ങളുടെ പൊന്നുണ്ണി അപ്പു. കാലങ്ങൾ കടന്നു പോയത് ഒരു ഓർമ്മ പോലെ.... വീടു പഴയതായതുകൊണ്ട് അവിടെ നിന്നും ഞങ്ങൾ മാറി. ഏട്ടൻ ഉറങ്ങുന്ന വീടും മണ്ണും അന്യമാക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല. ഒട്ടും താല്പര്യമില്ലായിരുന്നു. എന്നാൽ ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി ഞാൻ വീടു മാറി. ഇപ്പോൾ എനിക്ക് അൻപത് വയസ്സായി. മകന്റെ കല്ല്യാണം കഴിഞ്ഞു. അവന് അവന്റെ ജീവിതം മുന്നോട്ട് കൊണ്ട് പോകണം. അതിനായി ആ വീട് അവന് ഒഴിഞ്ഞ് കൊടുത്തു. അവന്റെ പെ രുമാറ്റത്തിൽ നിന്നും ഞങ്ങൾ അവനൊരു ഭാരമാണോ എന്ന് ഞങ്ങൾക്ക് തോന്നി. ഭാര്യ അറിയാതെ മണിമല ഗ്രാമത്തിലെ വീട് ഞാൻ പുതിക്കി പണിതിരുന്നു. ജീവിത യാത്രയിൽ ഒറ്റപ്പെട്ട ഞങ്ങൾ ആ വീട്ടിൽ കഴിഞ്ഞു. ഏട്ടന്റെ ഓർമ്മകളുമായി..........

# ഒരു ഓർമ്മപെടുത്തൽ

ഓർക്കുക മകനേ, നിന്നെ നീയാക്കിയവരേ....

മുലപ്പാലേകി നിൻ കുഞ്ഞിളം ചുണ്ടുകളിൽ

ദാഹമകറ്റിയൊരമ്മയെയും കാലിടറാതെ നിനക്കു

കൂട്ടായി നടന്നൊരാ അച്ഛനേയും

അവർ തൻ കിനാക്കളിൽ നീ

നിറഞ്ഞൊരാ പതിറ്റാണ്ടുകളും

എന്തിനു നീയെൻ മകനേ...?

പെറ്റവയറിനെ പോറ്റാനറച്ച് , നിന്നിൽ

അവർ കണ്ട സ്വപ്നങ്ങളോടുത്തുള്ള

കെട്ടിടത്തിൽ നിന്നും നിത്യതയിലേക്കെറിഞ്ഞു

എന്തിനു മകനേ നീ....?

ദേഹം വെടിമാത്മാവിനെ സ്നേഹിച്ചു ,

നിൻ ഉയിരിന്നുതകിയോരെക്കാൾ ,നിൻ

കൂടെപ്പിറപ്പിനെക്കാൾ ,

ഓർക്കുക മക്കളേ നിങ്ങൾ....

കടത്തിണ്ണയിൽ നിറയും വർണ്ണവസ്തുക്കളിൽ

കിട്ടില്ല നിങ്ങൾക്കൊരമ്മയെയുമച്ഛനേയും

മധുരമായി മൊഴിയും കൂടെപ്പിറപ്പിനേയും

കിട്ടില്ല , നെറ്റിലും സ്കൈപ്പിലും

മറ്റു മായാലോകങ്ങളിലും

മതിതറക്കാതിരിക്കുക നീയാ തരംഗത്തിനുള്ളിൽ...

പെരുകാതിരിക്കട്ടെ വൃദ്ധസദനങ്ങളും

ആത്മഹത്യകളും

മറക്കാതിരിക്കുക നീ നിന്നെ

*നീയാക്കിയ സ്നേഹത്യാഗങ്ങളെ...മറക്കാതിരിക്കുക.*

# എന്റെ ഗുരുനാഥൻ

ആദ്യാക്ഷരം പഠിപ്പിക്കുന്ന കാലം മുതൽക്കേ

തുണയായി നിന്നൊരു നാഥൻ

എന്റെ ഗുരുനാഥൻ !

തുമ്പികളായ് പറന്നുവന്ന

നമ്മെ മെരുക്കുവാൻ വന്നൊരു നാഥൻ

എന്റെ ഗുരുനാഥൻ !

പാഠങ്ങളോരോന്നും ചൊല്ലിപഠിപ്പിച്ച്

ജീവിത മാർഗ്ഗം നേടിത്തന്നൊരു നാഥൻ

എന്റെ ഗുരുനാഥൻ !

തെറ്റും തിന്മയുമെല്ലാം തിരുത്തി

നേർവഴിയിലേക്ക്  നയിച്ചൊരു നാഥൻ

എന്റെ ഗുരുനാഥൻ !

ചിരിയും കളിയും കൂടികലർന്നെൻ

വിദ്യാലയത്തിലെത്തിയ നാഥൻ

എന്റെ ഗുരുനാഥൻ !

ഭാവിതൻ സ്വർണ്ണചിറകിലേറാൻ

നമ്മെ പഠിപ്പിച്ച നാഥൻ

എന്റെ ഗുരുനാഥൻ !

എന്നാൽ ഇന്നു ഞാനനുഭവിക്കുന്നു

എന്റെ ഗുരുനാഥനെ പിരിഞ്ഞതിൻ വേദന

ഓർക്കുന്നു ഞാനെന്റെ ഗുരുനാഥനെ

ഒരായിരം ഓർമകൾ സമ്മാനിച്ച

എന്റെ ഗുരുനാഥനെ.

*ലിയ ബിജു & സ്നേഹ .എം*

## എന്റെ വിദ്യാലയം

ആയിരം മക്കൾക്ക് വിദ്യകൾ

നൽകുന്നൊരാലയമാണെൻ വിദ്യാലയം

അക്ഷരം പകരുന്ന,അറിവുകൾ നൽകുന്ന

ക്ഷേത്രമാണെൻ കൊച്ചു വിദ്യാലയം

ഞങ്ങൾക്ക് നൻമയും മൂല്യവും

പകരുന്ന അധ്യാപകരുള്ള വിദ്യാലയം

## ഒരു പുസ്തകത്താളിന്റെ ഇരുവശങ്ങൾ

മഞ്ഞിൻ പുതപ്പിനെ പതുക്കെമാറ്റി തന്റെ സന്താനങ്ങളെ വിളിച്ചുണർത്താൻ തുടങ്ങുന്ന സൂര്യൻ. തന്നെ വിട്ടകലാൻ മനസ്സില്ലാ മനസ്സോടെ തന്റെ കർത്തവ്യം നിറവേറ്റുന്ന സൂര്യന്റെ ശിഷ്യന്മാരായ മേഘങ്ങൾ അതിനിടയിലൂടെ അലമ്പമായ് ഓടിനടക്കുന്ന ചെല്ലക്കാറ്റ്. ഗ്രാമപാതയുടെ ഇരുവശത്തും ജനങ്ങളെ വരവേൽക്കാൻ നിൽക്കുന്ന മന്ദമാരുതൻ. പക്ഷെ, പ്രകൃതിക്ക് മറ്റൊരു സ്വഭാവവുമുണ്ടെന്ന്

തെളിയിക്കുവാനായി തിരക്കിട്ടു യുദ്ധത്തിനുവരുന്ന കറുത്ത ഭടന്മാർ ഇതാ എത്തികഴിഞ്ഞിരിക്കുന്നു യുദ്ധഭൂമിയിൽ താൻ വേർപ്പിരിയുമോ എന്ന് ഭയന്ന് കൂട്ടം തെറ്റാതെ പറക്കുന്ന പക്ഷികൾ. തുലാവർഷമാണല്ലോ, പ്രഭാതക്കാലത്തിലെ സ്വഭാവത്തിന് വിഭരീതമായാണല്ലോ അവൻ പെരുമാറുക. അങ്ങനെയിരിക്കെ പടയാളികൾ യുദ്ധം ആരംഭിച്ചു. അതിനുപുറകെ ഇരുണ്ടിരിക്കുന്ന മുറിയിൽ റാന്തലിന്റെ വെളിച്ചമെന്നപ്പോലെ മിന്നൽ അഗാധമായ ശബ്ദത്തേയും കൊണ്ട് ഇതാ യുദ്ധഭൂമിയുടെ താഴ്വാരത്തേയ്ക്ക് വന്നെത്തി. പ്രകൃതിയുടെയീ ക്രൂരഭാവം കഴിഞ്ഞിതാ വീണ്ടും പുലരി. പ്രപഞ്ചത്തിന്റെ ഈ മാറ്റങ്ങൾ എങ്ങനെയെന്ന് മനസ്സിലാക്കുവാനാവാതെയാണ്, അപ്പു ഏഴാം വയസ്സിന്റെ മൂപ്പിൽ ഇരുന്നും, മലർന്നും, കിടന്നും ചിന്തിയ്ക്കുന്നത്. ഇവയെല്ലാം ആരുടെ ലീലാവിലാസങ്ങളാണ് ? അയാളുടെ രൂപം എന്താണ് ? ആരാണ് മേഘങ്ങൾക്കിടയിലൂടെ കാലത്തിന്റെ ചക്രം വ്യതിചലിപ്പിക്കുന്നത് ? അയാളുടെ നാമം എന്താവാം ? ഇവയെല്ലാമാണ് അവന്റെ സംശയങ്ങൾ. ഈ സംശയങ്ങൾ അമ്മയോട് ചോദിച്ചറിയുവാൻ തീരുമാനിച്ചു. പക്ഷേ, അവന്റെ പ്രയത്നം വിഫലമായി. നീ വലുതാവുമ്പോൾ അതിനെക്കുറിച്ച് മനസ്സിലാക്കും. എന്നല്ലാതെ മറ്റൊരുത്തരവും അവന് അമ്മയിൽ നിന്ന് ലഭിച്ചില്ല. അങ്ങനെയിരിക്കെ അതു കണ്ടുപിടിക്കുവാനായി യാത്ര തുടരാൻ അപ്പു തീരുമാനിച്ചു. തന്റെ വീടിന്റെ മുൻവശത്തെ വയലിന്റെ പിന്നിലുള്ള മലനിരയുടെ മുകളിൽ അവന്റെ ചോദ്യത്തിനുള്ള ഉത്തരമുണ്ടാവും എന്ന വിശ്വാസത്തോടെ അവൻ യാത്ര തുടരാൻ തീരുമാനിച്ചു. പക്ഷെ ഇതേ സംശയത്തോടെ

നിൽക്കുന്ന മറ്റൊരു കുട്ടിയുണ്ടെന്ന് അപ്പു അറിഞ്ഞിരുന്നില്ല. അവൻ അപ്പുവിൽ നിന്നും ഏറെ വ്യത്യസ്ഥമായിരുന്നു. അപ്പു ഗ്രമത്തിലാണ് ജനിച്ചതെങ്കിൽ അവൻ നഗരത്തിലാണ് ജന്മം എടുത്തത്. അപ്പുവിന്റെ വീടിനു മുൻവശത്തെ വയലിന്റെ പിൻഭാഗത്തുള്ള മലയുടെ അപ്പുറം നഗരമാണ്. ആ നഗരത്തിന്റെ നടുവിലെ ഒരു ഫ്ലാറ്റിലാണ് അവൻ താമസിക്കുന്നത്. അവന്റെ പേര് സിദ്ധു എന്നാണ്. താൻ താമസിക്കുന്ന ഫ്ലാറ്റിന്റെ ജനലിലൂടെ നോക്കിയാൽ അവന് ആ മല കാണാമായിരുന്നു. സൂര്യൻ ഉദിക്കുന്നത്, നക്ഷത്രങ്ങൾ തിളങ്ങുന്നത് പ്രകൃതിയുടെ പല കളികളും നടക്കുന്നത് ആ സ്ഥലത്ത് വച്ചാണ്. അതു കൊണ്ടുതന്നെ അവിടെപോയി സൂര്യനേയും ചന്ദ്രനെയും താരങ്ങളെയും കണ്ടെന്താണ് നിങ്ങളുടെ ഭാവമാറ്റത്തിന് കാരണമെന്നും ആരാണ് നിങ്ങളെ കർമ്മങ്ങൾ ചെയ്യാൻ നിർദ്ദേശിക്കുന്നതെന്നും ചോദിക്കാൻ സിദ്ധു തിരുമാനിച്ചു. രണ്ടു പേരുടെ ജീവിത രീതികളും സംസ്കാരങ്ങളും എല്ലാം വ്യത്യസ്ഥമായിരുനന്നുവെങ്കിലും അവരുടെ സംശയം ഒന്നായിരുന്നു. അപ്പുവും സിദ്ധുവും രാവിലെ ഉണർന്ന് മലയെ ലക്ഷ്യമാക്കി നടന്നു. ഇരുവരുടേയും മാതാപിതാക്കൾ ഇല്ലാത്ത നേരം നോക്കിയാണ് അവർ യാത്ര ആരംഭിച്ചത്. അപ്പു സഞ്ചരിച്ച സ്ഥലങ്ങളും ചുറ്റുപാടുകളും നിരീക്ഷിച്ചു. മല ലക്ഷ്യമാക്കി നടന്നു. പക്ഷികൾ, ചിത്രശലഭങ്ങൾ, മൃഗങ്ങൾ, നൃത്തമാടുന്ന വയലുകൾ തിരക്കുപിടിച്ച് ഓടുന്ന കാനനപൂഞ്ചോലകൾ എല്ലാം ആസ്വദിച്ച് അപ്പു നടന്നു. മറിച്ച് സിദ്ധുനടന്ന വഴികളിൽ അവന് കാണാനായത്, റോഡിനരികിലെ മാലിന്യകൂമ്പാരങ്ങളും, കത്തിയെരിയുന്ന പ്ലാസ്റ്റിക്കുകളുടെയും പലതരം

കെട്ടിടങ്ങളുടെ മുകളിൽ നിന്നും വരുന്ന രൂക്ഷമായ പുകകളുമായിരുന്നു. അവന് ശ്വസിക്കാൻ ശുദ്ധവായുപോലും അവിടെ ലഭ്യമായിരുന്നില്ല. അങ്ങനെയിരിക്കെ മലയുടെ താഴ്വാരത്തെത്തി. അതിമനോഹരമായ പളുങ്കുമണി ചിതറുന്നതുപോലെയുള്ള വെള്ളച്ചാട്ടത്തിന്റെ ദൃശ്യവും ശാന്തമായി നദിയിലൂടെ ഒഴുകിയെത്തിയ പൂവിതളുകളും അവന്റെ കണ്ണിന് കൗതുകമായിരുന്നു. മലയുടെ ഇരുവശങ്ങളിൽ നിന്നും കുട്ടികൾ ഒറ്റലക്ഷ്യത്തോടെ നടന്നു. കുന്നു കടന്ന്, വയൽ കടന്ന് അരുവികടന്ന് അവർ തന്റെ ലക്ഷ്യസ്ഥാനത്തിതാ എത്തികഴിഞ്ഞു. മലയുടെ രണ്ടു കോണിൽ നിന്നും തുടങ്ങിയ യാത്രയാണെങ്കിലും ലക്ഷ്യം അവരെ ഒരേ സ്ഥാനത്തുതന്നെ എത്തിച്ചു. അവരുടെ ഇരുവരുടേയും കണ്ടുമുട്ടൽ മേഘങ്ങളുടെ കൂട്ടിമുട്ടലുകൾ ആയിരുന്നില്ല. അരുവികളുടെയോ വൃക്ഷങ്ങളുടെ ചില്ലകളുടെയോ കൂടിചേരൽ അയിരുന്നില്ല. പടയാളികളുടെ യുദ്ധക്കൂട്ടിമുട്ടലുകൾ മാത്രം ആയിരുന്നില്ല. മറിച്ച്, അവർ തേടിക്കൊണ്ടിരുന്ന അന്വേഷണത്തിന്റെ കൂട്ടിമുട്ടലുകളായിരുന്നു. അവർ ഇരുവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. അവരുടെ കാത്തിരിപ്പിനിതാ നിത്യമായ അവധികിട്ടാൻ പോവുകയാണ്. അവരുടെ സ്വപ്നത്തിനിതാ വർണ്ണചിറകുകൾ അവസാനം അവർക്കിതാ ഉത്തരം ലഭിച്ചിരിക്കുന്നു. 'മനുഷ്യന്റെ കർമ്മം'. മനുഷ്യന്റെ കർമ്മങ്ങളാണ് കാലാവസ്ഥയുടെ കാലചക്രം തിരിക്കുന്നത്. മനുഷ്യരാണ് പ്രകൃതിയുടെ ഗുരു. മനുഷ്യർ ചെയ്യുന്നതെന്തോ അതാണ് പ്രകൃതി തിരിച്ചും നമ്മോട് ചെയ്യുന്നത്. അവർ പരസ്പരം പറഞ്ഞു ഇരുവരുടേയും കണ്ടുമുട്ടലിൽ നിന്നിതാ പുതിയൊരു ചോദ്യത്തിനുത്തരം ലഭിച്ചിരിക്കുന്നു. അത് അവരെ വല്ലാതെ

അത്ഭുതപ്പെടുത്തി. നേരം സന്ധ്യയായിക്കഴിഞ്ഞിരിക്കുന്നു. ഇനിയും ഒരു സങ്കമത്തിൽ നിന്നും പുതിയ ഒരു ചോദ്യത്തിന് ഉത്തരം കണ്ടെത്താനാവും എന്ന പ്രതീക്ഷയിൽ അവർ നടന്നകന്നു. കുന്നുകടന്ന്....വയൽ കടന്ന്....അരുവി കടന്ന്....

അർച്ചന.ജെ

## <u>സൂര്യൻ കാണാത്ത കാഴ്ച</u>

തന്റെ സദസ്സിലുള്ളവരുടെ ബുദ്ധിശക്തി പരീക്ഷിക്കൽ

അക്ബർ ചക്രവർത്തിയുടെ പതിവാണ്. ഒരിക്കൽ അദ്ദേഹം വിചിത്രമായൊരു ചോദ്യം രാജ്യസദസ്സിൽ ചോദിച്ചു."സൂര്യന് ഒരിക്കലും കാണാനാവാത്തത് എന്താണ്? ഉത്തരം പറയുന്നവർക്ക് ഈ വൈരമാല നൽകും".

മാലസദസ്സിനെ കാണിച്ചുചക്രവർത്തി പറഞ്ഞു. വൈരമാലയുടെ മോഹിപ്പിക്കുന്ന തിളക്കം കണ്ട് പലരും ഉത്തരം പറയാൻ ശ്രമിച്ചു.വീടിനകത്തു സൂക്ഷിച്ച സാധനങ്ങൾ. ഒരാൾ പറഞ്ഞു. ഹ!ഹ!ഫ! നിങ്ങളത് കാണുന്നത് സൂര്യന്റെ വെളിച്ചത്തിലല്ലേ ?" ചക്രവർത്തി ചോദിച്ചു. പലരും പലതും പറത്തഞ്ഞങ്കിലും അതൊന്നും ശരിയായ ഉത്തരമായിരുന്നല്ല."ഏതായാലും എന്റെ വൈരമാല നഷ്ടപ്പെട്ടില്ലല്ലോ...... നിങ്ങൾ എല്ലവരും തോറ്റിരിക്കുന്നു..!" ചക്രവർത്തി പറഞ്ഞു.

പെട്ടെന്ന് ബീർബൽ മുന്നോട്ടുവന്ന് പറഞ്ഞു,"അങ്ങനെ പറയാൻ വരട്ടെ തിരുമസ്സേ...." ചക്രവർത്തി പ്രതീക്ഷിച്ച ശബ്ദമായിരുന്നു അത്. "ശരി, ഉത്തരം പറഞ്ഞാലും!" ചക്രവർത്തി അനുവാദം നൽകി."ഇരുട്ടിനെ കാണാൻ സൂര്യന് ഒരിക്കലും കഴിയില്ല." ബീർബലിന്റെ മറുപടികേട്ട്സദസ്സുമുവൻ കൈയടിച്ചു .

*"ബലേഭേഷ്, ബീർബൽ!" ചക്രവർത്തി പുഞ്ചിരിയോടെ ആ മാല ബീർബലിന് നൽകി.*

# കൂട്ടുകാരൻ

കൂട്ടുകാരനായെന്റെ

കൂടുതേടിയണഞ്ഞൊരു

കുഞ്ഞാറ്റക്കിളി.......

കാറ്റിനോടു കഥമെനഞ്ഞും

കടലിനോടു കളി പറഞ്ഞും

കാടായ കാടെല്ലാം, മേടായ മേടേല്ലാം

കണ്ണാരം പൊത്തി കളിച്ചും

കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി

കൊക്കുരുമ്മി ചിറകുരുമ്മി

കിലുകിലെ കൊഞ്ചി ചിലച്ചും

കിളിക്കൂട്ടിലെന്നെ

കുളിരറിക്കാതെ

കവിൾ ചേർത്തുറക്കിയും

കനിവിന്റെ കനിവാമെന്റെ

കരളിന്റെ കരളായ

കളിക്കൂട്ടുകാരൻ......

- കിരൺ ജോസ്

# ചിത്രശലഭം

പൂവിനെ നുകർന്നുകൊണ്ടാരിതാ  പോകുന്നു
പൂവിന്റെ രാജ്ഞിയാം ചിത്രശലഭമോ
ചിത്രങ്ങൾ തൻ ചിറകിൽ ആവാഹിച്ച്
കൊണ്ടാരിതാ പോകുന്ന ചിത്രശലഭം
ആയിരം വർണ്ണങ്ങൾ നിറയുമാ ചിറകിൽ
കാണാം ആയിരം പൂവിന്റെ അഴകുകൾ
തേൻ തുളുമ്പും പൂവിനെ നോക്കി ഞാൻ നിൽക്കവെ
വർണ്ണങ്ങൾ തുളുമ്പുന്ന ചിറകുമായ്
വന്നെത്തി വിരുന്നുകാർ
ഞാൻ നോക്കിനിൽക്കവെ
പൂവിനെ നുകർന്നുകൊണ്ടാ
വിരുന്നുകാർ മടങ്ങവെ
എൻ മനസ്സിലെങ്ങോ
*ആനന്ദം നിറഞ്ഞുപോയ്..................*

# പഴഞ്ചൊല്ലുകൾ

*ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

*ഒന്നികിൽ ആശാന്റെ  നെഞ്ചത്ത്,അല്ലെൻകിൽ കളരിക്ക് പുറത്ത്.

*ഓടുന്ന പട്ടിക്ക് ഒരുമുഴം മുൻപേ.

*ഓണം വന്നാലും ഉണ്ണിപിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ.

*കട്ടവനെ കണ്ടില്ലെങ്കിൽ കിട്ടിയവനെ പിടിക്കുക.

*കത്തുന്ന പുരയിൽ നിന്നു കഴുക്കോൽ ഊരുക.

*കണ്ണിൽ കൊള്ളേണ്ടതു പിരികത്തു കൊണ്ടു.

*കണ്ണുപൊട്ടൻ മാങ്ങയ്ക്ക് കല്ലെറിയുംപോലെ.

*കണ്ടറിയാത്തവന് കൊണ്ടറിയാം.

*കാക്ക കുളിച്ചാൽ കൊക്കാകില്ല.

***കാക്കയ്ക്കു തൻകുഞ്ഞ് പൊൻ കുഞ്ഞ്.**

***ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.**

***ചൊട്ടയിലെ ശീലം ചുടലവരെ.**

****തല മറന്ന് എണ്ണ തേക്കരുത്.***

## മനഃസാക്ഷിയുടെ ശബ്ദം

തെറ്റു ചെയ്യാത്തവരായി നമ്മിൽ ആരും ഉണ്ടാവില്ല.എന്നാൽ തെറ്റു തിരിച്ചറിഞ്ഞാൽ അത് തിരുത്താനും പിന്നീടൊരിക്കലും ആവർത്തിക്കാതിരിക്കാനും നാം ദൃഢനിശ്ചയമെടുക്കണം.നമ്മൾ ഓരോ തെറ്റു ചെയ്യുമ്പോഴും  നമ്മുടെയുള്ളിൽ നിന്ന് ഇതു ചെയ്യരുതെ .....

എന്ന് മനഃസാക്ഷി മൃദുവായി മന്ത്രിക്കുന്നുണ്ടാവും ആ മനഃസാക്ഷിയുടെ സ്വരത്തിന് നമ്മൾ ചെവികൊടുത്തെ മതിയാകു.അല്ലെങ്കിൽ വീണ്ടും തെറ്റിൽ നിന്ന് തെറ്റിലേക്ക് നമ്മൾ വീണുകൊണ്ടിരിക്കും കൂട്ടുകാരെ .........

നമ്മുടെ ഓരോ വാക്കും പ്രവർത്തിയും നന്മനിറഞ്ഞതായിരിക്കാൻ ശ്രദ്ധിക്കണം . ഒരു നിസ്സാരതെറ്റുപറ്റിയാൽ പോലും അതിൽ പശ്ചാതപിച്ച് അത് തിരുത്തി മുന്നോട്ടു പോകണം അതാണ് ആത്യന്തിക വിജയത്തിലേക്കുള്ള വഴി.

ജിസ്ന സോണി



## ഗുരുവിനൊരു സമർപ്പണം

ഗുരുവെന്ന വാക്കിന്റെ അർത്ഥമെന്തോ ...
ഇരുട്ടിന്റെ ശത്രുവെന്നർത്ഥമല്ലോ ...
ഗുരുവെന്നവാക്കിന്റെ സത്യമെന്തോ
സത്യത്തിൻ ദീപമെന്നർത്ഥമല്ലോ
വിദ്യാലയത്തിൻ പടികയറി
ആദ്യമായ് ഞാനിവിടെയെത്തിയപ്പോൾ
എൻ അസ്വസ്ഥമാം മനസ്സിന്നു കുളിരേകി തണലേകി
തുണയായി നിന്നുവെൻ ഗുരുനാഥ
സ്നേഹത്തിൻ ദീപമെൻ ഗുരുനാഥ, അവൾ
മാലാഖയാമെന്റെ ഗുരുനാഥ
ആദ്യമായ് ഈ വിദ്യാലയമുറ്റത്തു

***പുഞ്ചിരി തൂകി ഞാനെത്തിയപ്പോൾ***
***എന്നമ്മതൻ കൈകളിൽ നിന്നൊരെൻ കൈകളെ***
***നിന്നുടെ കൈകളിൽ ചേർത്തുവല്ലോ***
***അറിവിന്റെ അക്ഷയലോകത്തിലെന്നെ നീ***
***പുഞ്ചിരി തൂകിയെത്തിച്ചുവല്ലോ***
***ഒരു ചെറുവൃക്ഷത്തിലെന്നപോലെ***
***നിന്നുടെ ഛായയിൽ വളർത്തിയെന്നെ***
***ആദ്യമായിചെറു മുറ്റത്തു വന്നപ്പോളെന്നുടെ***
***കൈകളും കണ്ണും നിറഞ്ഞപോലെ***
***നാളെയീ മുറ്റത്തുനിന്നമകലേണ്ട -***
***തോർക്കുമ്പോൾ വിങ്ങുന്നു ഞാൻ***

## ***കടങ്കഥകൾ***

***1.*** *കാള കിടക്കും കയറോടും...*
***ഉ.*** *മത്തൻ*

***2.*** *ഞെട്ടില്ലാ വട്ടയില...*
***ഉ.*** *പപ്പടം*

***3.*** *അങ്ങേല വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേല വീട്ടിൽ മുറ്റമടി...*
***ഉ.*** *മുള*

***4.*** *അടി മുള്ള് നടു കാട് തല പൂവ്...*
***ഉ.*** *കൈതച്ചക്ക*

***5.*** *അകത്തു രോമം പുറത്ത് ഇറച്ചി...*
***ഉ.*** *മൂക്ക്*

***6.*** *അക്കരെ നിക്കും തഞ്ചാണി, ഇക്കരെ നിക്കും തഞ്ചാണി, കൂട്ടിമുട്ടും തുഞ്ചാണി...*

*ഉ. കൺപീലി*

***7.*** *ആവശ്യക്കാർ  വാങ്ങുന്നില്ല...വാങ്ങുന്നവർ ഉപയാഗിക്കുന്നില്ല...*

*ഉ. ശവപ്പെട്ടി*

***8.*** *അമ്മയെ കുത്തി  മക്കൾ മരിച്ചു...*

*ഉ. തീപ്പെട്ടിക്കൊള്ളി*

***9.*** *അകത്തു നിന്ന് നോക്കികാണും, കാണുന്നതെല്ലാം ഉള്ളിലാക്കും...*

*ഉ. ക്യാമറ.*

***10.*** *കാലിൽ പിടിച്ചാൽ തോളിൽ കയറും...*

*ഉ. കുട*

***11***. *കുത്തിയാൽ മുളക്കില്ല വേലിയിലിൽ പടരും...*

*ഉ. ചിതൽ*

***12.*** *കൈപത്തിപോലെ ഇല വിരലുപോലെ കായ*

*ഉ. വെണ്ട*

***13.*** *കൊമ്പിൽ മേൽ തുളയുള്ള കാള..*

*ഉ. കിണ്ടി*

***14***. *കൊച്ചിയിൽ വിതച്ചു കൊല്ലത്തു കൊയ്തു...*

*ഉ. മത്തങ്ങ*

***15***. *ചുവന്നവൻ കുളിച്ചാൽ കറുത്തവനാകും*

*ഉ. തീക്കട്ട*

***16***. *തൊട്ടാൽ വീഴും തോപ്പിലെ മൂപ്പൻ...*

*ഉ. തൊട്ടാവാടി*

***17.*** *മുറ്റത്തെ ചെമ്പിനടിപ്പില്ല...*

*ഉ. കിണർ*

*19. സുന്ദരൻ കുളിച്ചപ്പോൾ ചൊറിക്കുട്ടനായി...*

*ഉ. പപ്പടം*

*20. വെള്ളക്കിണ്ണത്തിൽ ഞാവൽപഴം...*

*ഉ. കണ്ണ്*

*21. വേലിപ്പൊത്തിൽ വൈരക്കല്ല്...*

*ഉ. മിന്നാമിനുങ്ങ്*

*22. വെളുത്തൊരമ്മയും കറുത്ത മക്കളും...*

*ഉ. ഏലക്ക*

*23. കുറ്റിക്കാട്ടിൽ കരുമൻകുട്ടി...*

*ഉ. പേൻ*

*24. കണ്ണുണ്ടെങ്കിലും കാണുന്നില്ല...*

*ഉ. തേങ്ങ*

*25. ഒരാളെ ചുമക്കാൻ നാലാൾ...*

*ഉ. കട്ടിൽ*

*അഭിജിത്ത്. ടി. ഡി*

## സ്റ്റീഫൻ ഡബ്ല്യു ഹോക്കിങ്

ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ്ങിനെക്കുറിച്ച് കേട്ടിരിക്കുമല്ലോ. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് നൂതനമായ അന്വേഷണങ്ങൾ നടത്തിയ ഹോക്കിങ് മോട്ടോറ ന്യൂറോൺ എന്ന ഗുരുതരരോഗം ബാധിച്ച്, ശരീരം തളർന്ന് ജീവിതം പൂർണമായും വീൽച്ചെയറിലേക്ക് ഒതുക്കപ്പെട്ട പ്രതിഭ-യാണ്. സംസാരശേഷി നഷ്ടപ്പെട്ട്, ആംഗ്യഭാഷയ്ക്ക് പോലും പറ്റാത്ത നിസ്സഹായാവസ്ഥയിലാണെങ്കിലും രോഗത്തിനു കീഴടങ്ങി ഒതുങ്ങിക്കൂടാൻ അദ്ദേഹം തയ്യാറായില്ല. പ്രവർത്തനക്ഷമമായ ഒരേയൊരവയവമായ വലതു കൈയിലെ ചൂണ്ടുവിരലുപയോഗിച്ച്, കംപ്യൂട്ടറിൽ തെളിയുന്ന അക്ഷരങ്ങൾ പെറുക്കിയെടുത്ത്

ഹോക്കിങ് മഹത്തായ ആശയങ്ങൾ ലോകത്തിനു സമ്മാനിച്ചു. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും തമോഗർത്തങ്ങളെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ഐൻസ്റ്റീനു ശേഷമുണ്ടായ ഏറ്റവും

മഹത്തായ കണ്ടെത്തലുകളായി കണക്കാക്കപ്പെടുന്നു. "എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം" അടക്കമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ രചനകളാണ്.

ഈ നേട്ടങ്ങളുടെ അംഗീകാരമായി ഹോക്കിങ്ങിന് അനേകം ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

കേംബ്രിഡ്ജ് സർവകലാശാലയുടെ ലൂക്കേഷ്യൻ പ്രഫസർ ഓഫ് മാത്തമാറ്റിക്സ്, അമേരിക്കയിലെ ഏറ്റവും വലിയ ബഹുമതിയായ ആൽബർട്ട് ഐൻസ്റ്റീൻ അവാർഡ്, ബി.ബി.സി. നൽകുന്ന മാസ്റ്റർ ഓഫ്

യൂണിവേഴ്സ്, ആറോളം സർവകലാശലയുടെ ഹോണറി ഡോക്ടറേറ്റ് എന്നിവ അവയിൽ ചിലതാണ്.

ശാരീരികമായ കൊടിയ അവശതകൾ ഏൽപ്പിച്ച വെല്ലുവിളികളെ

ഇച്ഛാശക്തികൊണ്ട് മറികടക്കാൻ കഴിയുമെന്നതിന്റെ ഉദാത്തമാതൃകയാണ് സ്റ്റീഫൻ ഹോക്കിങ്.



## ചിറകില്ലാത്ത ശലഭം

ഒരിക്കൽ പാണവദേശം എന്ന ദേശമുണ്ടായിരുന്നു .അവിടെ ചാലമേട് എന്നൊരു കാടുണ്ടായിരുന്നു . അവിടെ മിട്ടു എന്ന പേരുള്ള ഒരു ജിറാഫുണ്ടായിരുന്നു. അവന് എല്ല ജിറാഫുകളെപോലെ വരകളുണ്ടായിരുന്നില്ല.എല്ലാവരും അവനെ വരയില്ല ജിറാഫേ എന്നായിരുന്നു വിളിച്ചിരുന്നത് . അവനത് കേൾക്കുമ്പോൾ വലിയ സങ്കടമായിരുന്നു .ഇതു കേൾക്കുമ്പോൾ അവൻ അവന്റെ അമ്മയുടെ

അടുത്ത് സങ്കടം പറയുമായിരുന്നു. അമ്മ അവനെ "മോനെ എല്ലാ ജിറാഫുകളെ പോലെ വര ലഭിക്കുമെന്ന് പറഞ്ഞ് അവനെ സമാധാനിപ്പിക്കുമായിരുന്നു. ആ കാട്ടിൽ തന്നെ ഒരു ഭയങ്കരനായ സിംഹമുണ്ടായിരുന്നു. അവന് ഈ ജിറാഫുകളെ കൊന്നു തിന്നണമെന്ന് വളരെ ആഗ്രഹമാണ്.അവൻ ഏറെ പ്രാവശ്യം അവരെ തിന്നാൻ ശ്രമിക്കുമായിരുന്നു.ഒരു ദിവസം സിംഹം ആ ജിറാഫുകളെ ആക്രമിക്കാൻ ശ്രമിച്ചു.എല്ലാ ജിറാഫുകളും ഓരോ പണികളിൽ ഏർപ്പെട്ടിരിക്കയായിരുന്നു.പക്ഷെ നമ്മുടെ മിട്ടു മാത്രം അവന്റെ വീടിന്റെ മുൻപിൽ ഇരിക്കുകയായിരുന്നു.അവൻ സിംഹത്തെ കണ്ടു പേടിച്ചുവിറച്ച് അവൻ അമ്മയുടെ അടുത്തേക്കു ഓടി പോയി.പക്ഷെ അമ്മ അത് ശ്രദ്ധിച്ചിരുന്നില്ല.പിന്നീട് സിംഹത്തിന്റെ ഗർജനം കേട്ട് എല്ലാവരും വിരണ്ടു.മിട്ടു ഓടി ആനയെ വിളിക്കാൻ പോയി അവൻ അവിടെ എത്തിയപ്പോഴേക്കും അവന്റെ അമ്മയെ സിംഹം പിടിച്ചിരുന്നു.അവൻ അതുകൊണ്ട് പൊട്ടിക്കരഞ്ഞു പോയി.അവനത് സഹിച്ചിരുന്നില്ല.ആനയെ കൊണ്ട് സിംഹത്തെ ഓടിച്ചു.സിംഹം വിരണ്ടെങ്കിലും അവന്റെ കലിയടങ്ങില്ല എങ്ങനെയെങ്കിലും ആ മിട്ടു ജിറാഫിനെ അവന്റെ അമ്മയെ കൊന്നതുപ്പോലെ അവനെയും കൊല്ലണമെന്ന് വിചാരിച്ചു.മിട്ടു ആണെങ്കിൽ അമ്മ മരിച്ചു കിടക്കുന്ന സ്ഥലത്ത് ചെന്ന് എങ്ങനെയെങ്കിലും ആ സിംഹത്തെ കൊല്ലണമെന്ന് ഉറപ്പിച്ചു.അപ്പോഴാണ് അവിടെയുള്ള ജിറാഫുകൾക്ക് മിട്ടുവിന്റെ കഴിവ് മനസ്സിലായത്.അവർക്ക് അവരുടെ തെറ്റു മനസ്സിലാക്കി മാപ്പു ചോദിച്ചു.അന്നു വൈകുന്നേരം മിട്ടു സിംഹത്തിന്റെ മാളത്തിലെത്തി സിംഹം അതു കണ്ട് ജിറാഫിനോട് ചോദിച്ചു,"നിനക്കെന്താ ഇവിടെ കാര്യം ".പുച്ഛ്ത്തോടെ മിട്ടുവിനോട് ചോദിച്ചു,"എനിക്ക് നിന്നെ കൊല്ലണം",മിട്ടു പറഞ്ഞു.നിനക്ക് അത്രയ്ക്കു ധൈര്യമുണ്ടോ എന്നെ കൊല്ലാൻ നിനക്ക് കഴിയില്ല. ഞാനും നിന്നെ പോലെ ഈ കാട്ടിലല്ലെ


ജീവിക്കുന്നത്. എനിക്കും നിന്നെ പോലെ അവകാശമുണ്ട്. ഇതൊന്നും കേൾക്കാതെ സിംഹം കിട്ടുവിനു നേരെ ചാടി.എല്ലാ മൃഗങ്ങളും ഒത്തുകൂടി. അപ്പോഴേക്കും മിട്ടുവിന്റെ ജീവൻ പോയി.

*പവിത്ര*



# എൻ ചിന്തയിലെ പൂവ്

എൻ ചിന്തകളിൽ എപ്പോഴും
നിന്റെയീ പുഞ്ചിരിയൊന്നുമാത്രം



മഴവില്ല് പോലെ
നീയെൻ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലേ
ചിന്തകളും,
എൻ കണ്ണുകളിലെപ്പോഴും
നിന്റെയീ സൗന്ദര്യം നിറഞ്ഞുനിൽക്കുന്നു.
എന്നും എന്റെ മനസ്സിൽ
നിൻ പുഞ്ചിരി നിറഞ്ഞ മുഖം നിറഞ്ഞുവരുന്നു
മണമില്ല മധുരമില്ല പൂജക്കെടുക്കില്ല
താനേ വളർന്നൊരു
കാട്ടുപൂവാണു ഞാൻ
ഇഷ്ടമാണെന്നുചൊല്ലുവാൻ വേണ്ടി
നിത്യവും നിൻമുമ്പിലെത്തിടുമ്പോൾ
നിൻ കൊലുസ്സിൻ നാദത്തിന് മുന്നിൽ
ഞാൻ അലിഞ്ഞുചേരുന്നു
ഒന്നും പറയാതെ അറിയാതെ പോയിടുന്നു
നിൻ ചിരി എൻ മനസ്സിൽ ആനന്ദം പകരുന്നു
അതിനാൽ നീ നടക്കും വഴിയെ എന്നെ
കണ്ടാൽ ചിരിക്കാതെ പോകരുതേ
നിൻ പുഞ്ചിരി മാത്രം മതി
എന്റെ ഇനിയുള്ള കാലം കാത്തിരിക്കാൻ

ആൻജലാ മരിയ

# പഴഞ്ചൊല്ലുകൾ

*ഒരുവമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

*ഒന്നികിൽ ആശാന്റെ  നെഞ്ചത്ത്,അല്ലെൻകിൽ കളരിക്ക് പുറത്ത്.

*ഓടുന്ന പട്ടിക്ക് ഒരുമുഴം മുൻപേ.

*ഓണം വന്നാലും ഉണ്ണിപിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ.

*കട്ടവനെ കണ്ടില്ലെങ്കിൽ കിട്ടിയവനെ പിടിക്കുക.

*കത്തുന്ന പുരയിൽ നിന്നു കഴുക്കോൽ ഊരുക.

*കണ്ണിൽ കൊള്ളേണ്ടതു പിരികത്തു കൊണ്ടു.

*കണ്ണുപൊട്ടൻ മാങ്ങയ്ക്ക് കല്ലെറിയുംപോലെ.

*കണ്ടറിയാത്തവന് കൊണ്ടറിയാം.

*കാക്ക കുളിച്ചാൽ കൊക്കാകില്ല.

*കാക്കയ്ക്കു തൻകുഞ്ഞ് പൊൻ കുഞ്ഞ്.

*ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

*ചൊട്ടയിലെ ശീലം ചുടലവരെ.

**തല മറന്ന് എണ്ണ തേക്കരുത്.**

# <u>കടലോളത്തിലെ  കടലാസുതോണി</u>

അതിരാവിലെ വീട്ടുമുറ്റത്ത് വെയിൽ ചിന്നിച്ചിതറിക്കിടന്നു. ഇടതൂർന്ന ഇലകളുടെ പഴുതിലൂടെ ആ പ്രകാശം
അപ്പുവിന്റെ കണ്ണുകളിൽ സ്പർശിച്ച അവൻ പതുക്കെ മുറ്റത്തെക്കിറങ്ങിഇളം തെന്നൽ അവന്റെ കവിളുകളിൽ വന്നു തൊട്ടു.
കാറ്റിലാടിയുല്ലസിച്ചുനിൽക്കുന്ന പൂക്കളെയും അതിന്റെ ശോഭ നുകരാനെത്തിയ വണ്ടുകളെയും ,പൂമ്പാറ്റകളെയും അവൻ നിറകണ്ണുകളോടെ ഉറ്റുനോക്കി. അവയെയൊന്നും നിറഞ്ഞമനസ്സോടെ ആസ്വദിക്കാൻ കഴിയാത്തവിധത്തിൽ അവന്റെ നൊമ്പരം അവനെ വേട്ടയാടിക്കൊണ്ടേയിരുന്നു.
അമ്മയുടെ വാത്സല്യവും അച്ഛന്റെ സ്നേഹത്തിലും കരുതലിലും മതിമറന്ന് അതാസ്വദിച്ച് കളിചിരികൾ നിറച്ച അവന്റെ ജീവിതം. പെട്ടന്നൊരപകടത്തിൽ മാതാപിതാക്കളുടെ വേർപാടിൽ പൊലിഞ്ഞു. തന്റെ പ്രിയപ്പെട്ടവരുടെ മരണശേഷം അവനെ ഏറ്റെടുത്ത ചെറിയച്ഛനും ഭാര്യയും. ആ കുറച്ചുനാളുകളിൽ കാട്ടിയ സ്നേഹം മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയായിരുന്നുവെന്ന് അവൻ പിന്നീട് മനസ്സിലാക്കി.
നാളുകളേറെ കടന്നുപോയി. ഓരോ ദിവസം കഴിയുംതോറും ചെറിയമ്മയുടെ ഉപദ്രവും, ചെറിയച്ഛന്റെ പരിഹാസവും അധികമായിക്കൊണ്ടിരുന്നു.ഇതിനിടയിലാണ് അവൻ ചെറിയച്ഛന് ഒരു കുഞ്ഞുജനിക്കാൻ പോകുന്നുവെന്നറിഞ്ഞത്.
അതിനുശേഷം അപ്പു തിർത്തും. ആ വീട്ടിൽ

ഒരതികപ്പറ്റായിതീർന്നു. ഏഴുമാസം അവൻ തള്ളിനീക്കി
ചെറിയമ്മ ഒരു ആൺകുഞ്ഞിന് ജന്മം
നൽകി. അതിനുശേഷം കുഞ്ഞിന്റെ തുണികൾ അലക്കുന്നത്.
വീട്ടിൽ
ഭക്ഷണം വയ്ക്കുന്നത്, വീട് വൃത്തിയായി സൂക്ഷിക്കുന്നത്
അടിക്കുന്നത്, തുടക്കുന്നത്. പാത്രം കഴുകുന്നത്
സാധനങ്ങൾവാങ്ങിയ കഠിനജോലികൾ അവന്
സഹിക്കേണ്ടിവന്നു. ഒരു പത്തുവയസ്സുകാരന്
സഹിക്കാവുന്നതിനുമപ്പുറമുള്ള കാര്യങ്ങൾ അവൻ
സഹിക്കേണ്ടിവന്നു. ഒരു പത്തുവയസ്സുകാരന്
സഹിക്കാവുന്നതിനുമപ്പുറമുള്ള കാര്യങ്ങൾ അവൻ സഹിച്ചു.
ദിവസങ്ങൾ നീങ്ങി..... അപ്പുവിന്റെ മനസ്സിന്റെ താളത്തിന്
വ്യത്യാസം സംഭവിച്ചു.അവന്റെ മനസ്സ്
നൂലുപൊട്ടിയപട്ടംപോലെ, അവൻ അതിനെ തിരഞ്ഞു.
എങ്കിലും കണ്ടുകിട്ടിയില്ല. ഏറെ നാളുകൾക്കുശേഷം അവന്റെ
ജീവിതം ഏകാന്തതയിലെ ഇരുട്ടുമുറിയിലെക്ക് ഒതുങ്ങി.
അവന്റെ ജീവിതം ശിഥിലമായിക്കൊണ്ടിരിക്കെ അവന് പനി
ബാധിച്ചു. അത് അതികമായി

ആ അസുഖം അവന്റെ ജീവിതം അവസാനിപ്പിച്ചു.
ആരുടെയും സ്നേഹത്തിന്റെയും സഹതാപത്തെയും
ശുശ്രൂഷകളേയും കാത്തുനിൽക്കാതെ അവന്റെ ജീവിതം.........

റിയാൻ

## രൂപഭംഗി

കുഞ്ഞിക്കിളിയേ, കുഞ്ഞിക്കിളിയേ
തെല്ലൊന്നു നില്ക്കുമോ നീ
കൊഞ്ചിക്കളിക്കും നിന്നോടു ഞാനൊരു
കാര്യം ചോദിച്ചോട്ടെ ?

എന്തൊരു ചേലാ നിന്നെ കാണാൻ
എന്തൊരു ചേലാണ്
ആരു തന്നു നിനക്കാരു തന്നു
ആരും കൊതിക്കും നിൻ രൂപഭംഗി ?

എന്തു മധുരമാണെന്തു മധുരമാ
നിൻ കിളിക്കൊഞ്ചലിന്
ആരു തന്നു നിനക്കാരു തന്നു
ആരും കൊതിക്കും നിന്നിമ്പസ്വരം ?

എൻ രൂപഭംഗിയുമെൻ കിളിക്കൊഞ്ചലും
എന്നുടെ സ്വന്തമല്ല
അല്ല , നിനക്കതറിഞ്ഞു കൂടെ ? ഹാ !
എല്ലാമെൻ ദൈവത്തിൻ ദാനമത്രെ

ആധിയില്ലേ , നിനക്കെൻ കിളിപ്പെണ്ണേ

*നാളെയെച്ചൊല്ലിയുള്ളാധിയില്ലേ ?*
*ഇല്ലില്ലെനിക്കൊരു ആധിയുമില്ലാ*
*ഈശൻ കാത്തിടുമെന്നെ*

*- കെസിയ*

# <u>ഒരു മുത്തശ്ശിക്കഥ</u>

ഇനി ഞാനൊരു കഥ പറഞ്ഞുതരാം.പാമ്പിന്റേയും തവളയുടേയും നല്ല രസകരമായ ഒരു കഥ.

പണ്ട് താമരകൾ നിറഞ്ഞുനിൽക്കുന്ന സുന്ദരമായ ഒരു തടാകമുണ്ടായിരുന്നു. ആ തടാകത്തിൽ നിറയെ തവളകളുണ്ടായിരുന്നു. അവർക്ക് ഒരു രാജാവുണ്ടായിരുന്നു. ആ തവള രാജാവിന്റെ പേരായിരുന്നു മണ്ടൂകൻ.

ആ തടാകത്തിൽ , ഒരു മരത്തിൽ സൂത്രശാലിയായ ഒരു പാമ്പും ജീവിച്ചിരുന്നു. അവൻ ആ മരത്തിന്റെ മുകളിലിരുന്ന് തവളകളെ എപ്പോഴും നോക്കുമായിരുന്നു. നോക്കിയിരുന്നിട്ടെന്തു കാര്യം? പാവം പാമ്പിനുണ്ടോ തവളകളെ പിടിക്കാൻ കഴിയുന്നു. അങ്ങനെയിരിക്കെ, തവളകളെ പിടിക്കാൻ പാമ്പ് ഒരു വഴി ആലോചിച്ചു.

അടുത്ത ദിവസം അവൻ പതിയെ ഇഴഞ്ഞിഴഞ്ഞ് തടാകത്തിനടുത്തേക്ക് പോയി. പാമ്പിനെ

കണ്ടയുടൻ തവളകൾ പേടിച്ച് ഓടുവാൻ തുടങ്ങി. എന്നാൽ, ധീരനായ മണ്ഡൂകൻ പാമ്പിന്റെ അടുത്തുചെന്നു കാര്യങ്ങൾ അന്വേഷിച്ചു.

മണ്ഡൂകൻ: - ആരാ, എന്താ ?

പാമ്പ്: - സുഹൃത്തേ, ഞാൻ നിങ്ങളെ ഭക്ഷിക്കാൻ വന്നതല്ല . സഹായം ചോദിച്ചുവന്നതാ.

മണ്ഡൂകൻ: - സഹായമോ ? എന്തു സഹായം?

പാമ്പ്: - പണ്ട് ഞാനൊരു ബ്രാഹ്മണന്റെ മകനെ കടിച്ചു-
കൊന്നു. അതിൽ കുപിതനായ ബ്രാഹ്മണൻ,
നീ ഇര പിടിക്കാൻ കഴിയാതെ അവശനായി
തീരുവാൻ ശപിച്ചു. അദ്ദേഹത്തിനോട് ശാപമോ-
ക്ഷത്തിനായി കരഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു
നീ ഭക്ഷണമാക്കിയ തവളകളെ ചുമലിലേറ്റി
നടക്കണം. അതാണ് ഞാൻ നിങ്ങളെ തേടിയെ-
ത്തിയത്.

മണ്ഡൂകൻ: - ഒരുപാട് നാൾ ഞങ്ങളെ ഉപദ്രവിച്ചതല്ലേ,
ഇനി കുറച്ച് ചുമന്നോ? ഒരോ ദിവസം ഓരോരു
ത്തരെയായി അടുത്തുള്ള തടാകത്തിൽ എത്തി
ച്ചാൽ മതി.

മണ്ഡൂകരാജന്റെ കൽപ്പനയനുസരിച്ച് അടുത്ത ദിവസം ഒരു തവളയുമായി പാമ്പ് യാത്രയാരംഭിച്ചു.

*അതിനടുത്ത ദിവസം  മറ്റൊരു തവളയുമായി പാമ്പ്*
*യാത്രയായി. അവൻ ഓരോരോ  തവളകളെയും*
*കൊണ്ടുപോയി. മണ്ടൂകന്റെ  കൂടെയുണ്ടായിരുന്ന*
*അവസാനത്തെ തവളയെയും  കൊണ്ടുപോയി.*

## കെടാത്ത  വിളക്ക്

പെട്ടന്ന്  അമ്മയെ  കാണാതെ
ഒറ്റയ്ക്ക ഞാനൊന്നു  നിന്നിടുന്നു
അമ്മയെ കാണാതെ നിൽക്കുന്ന നേരം
എന്നുടെ ചങ്കിലെ ചോര ഞരമ്പുകൾക്കുള്ളിൽ
അമ്മയെ ഞാൻ ഓർത്തിടുന്നു

എന്തു ദുഃഖമുണ്ടായാലും  എൻ  അമ്മ
കണ്ണുനീർ തുടയ്ക്കാൻ കൂടെയുണ്ടായിരുന്നല്ലോ
അമ്മയെ വിളിക്കുന്ന നേരം
പുഞ്ചിരിയോടെ നിൽക്കുമമ്മ

അമ്മയെന്നെ  പിരിഞ്ഞെന്ന വാക്കുകേട്ട നേരം
തീ  ആളിയതീ  നെഞ്ചിലെ............
ഇനി  ഞാൻ  ആരെ  അമ്മയെന്നു  വിളിക്കും
എന്റെ   അമ്മയെന്നെ  പിരിഞ്ഞു പോയല്ലോ

ഇനിയെനിക്കാരുണ്ട്  ആരുണ്ട്

*ജെറിൽ*

# എന്റെ മൂവാണ്ടൻ മാവ്

രാവിലെ ഏതാണ്ട് 7 മണിയായെന്നു തോന്നുന്നു. കുഞ്ഞു ജാനി ഉണർന്നു. വെപ്രാളത്തോടെ മുറ്റത്തേക്കോടി. ഇലഞ്ഞിമരത്തിനടുത്തുള്ള ഒരു കുഴിയുടെ അടുത്ത് അവൾ കുറച്ചുദിനംമുൻപ് കുഴിച്ചിട്ട മാങ്ങാണ്ടി മുളച്ചോയെന്നറിയാനുള്ള ഓട്ടമായിരുന്നു അത്.കുഞ്ഞു മാങ്ങാണ്ടി മുളപൊട്ടി- യെന്നറി ഞ്ഞപ്പോൾ അവൾക്ക് എന്തെന്നില്ലാത്ത ആഹ്ലാദം തോന്നി.അവൾ തന്റെ മാതാപിതാ- ക്കളുടെ അടുത്ത് ചെന്ന് അതിന്റെ വിശേഷങ്ങൾ പറഞ്ഞു. പിന്നീട് എല്ലാ ദിവസവും ജാനി അതിനു വേണ്ട വെള്ളം കൊടുത്തും ചുറ്റുമുള്ള പുല്ലുകൾ പറിച്ചും പരിപാലിച്ചു വന്നു. കാലം ഏറെ കഴിഞ്ഞു. മാവു പൂത്തു. ജാനി ആഹ്ലാദത്തോടെ ഇരുന്നു മാങ്ങ പഴുക്കുന്നതും കാത്ത്. എന്നാൽ ആ സന്തോഷം നീണ്ടുനിന്നില്ല.

രാവിലെ മരം വെട്ടുന്ന ശബ്ദം കേട്ടാണ് അവളുണർന്നത്.മരംവെട്ടുകാർ ഇലഞ്ഞിമരങ്ങൾ മുറിക്കുകയായിരുന്നു. അവൾ അവരുടെ അരികിൽ ചെന്നു പറഞ്ഞു."ചേട്ടാ....ഈ മാവ് വെട്ടരുത് ട്ടോ....".തുടർന്ന് അവൾ സ്ക്കൂളിൽ പോയി. കൂട്ടുകാരോടും ടീച്ചറോടുംമാവിനെക്കുറിച്ചു പറഞ്ഞു. വൈകുന്നേരം അവൾ വീട്ടിൽ തിരിച്ചെത്തി. തന്റെ പ്രിയപ്പെട്ടമാവിനെ കാണാൻ ഇന്നവൾക്കു തിടുക്കമായിരുന്നു. എന്നാൽ മാവ് ചേതനയറ്റ് കിടക്കുന്നതാണ് അവൾ

കണ്ടത്. ഇലകൾ വാടുന്നതു പോലും അവളെ സംബന്ധിച്ച് അസഹനീയമായിരുന്നു. ഇപ്പോളതിന്റെപൂക്കൾ വാടിയിരിക്കുന്നു. അവളറിയാതെ അവളുടെ ഹൃദയം അവരെ ശപിച്ചു .അവൾഅമ്മയുടുരികിലേക്ക് ഓടിയടുത്തു.

ആഴ്ചകൾക്കു ശേഷം വെട്ടിയിട്ട

തടിയിൻ-

മേൽ കമ്പുകൾ തളിരിട്ടത് അവൾക്ക് പുത്തൻ ഉണർവു നൽകി. അവൾ വീണ്ടും

അതു പരിപാലിച്ചു പോന്നു; ഈ മാവെങ്കിലും തനിക്കു പരിപാലിക്കാൻ ഉതകു-മെന്ന പ്രതീക്ഷയോടെ.............

കൃഷ്ണകൃപ.എസ്

# സ്വപ്നമീയാത്രാനുഭവം

ഇടയിൽ എവിടെയോ ഞാനറിഞ്ഞു
എൻ ആഗ്രഹം,എൻ സ്വപ്നങ്ങൾ
തേടി നടന്നു ഞാൻ എൻ ജീവിത
യാത്രയെ കാട്ടരുവിയെന്നപോലെ
തടസ്സങ്ങൾ എന്നെ തേടിവന്നു
വേദനകൾ എന്നോടു കൂട്ടിരുന്നു
നിമിഷങ്ങളിൽ ഞാൻ പേറി എൻ ദുഃഖത്തെ...
പാതിരാനിലാവിൽ എവിടെയൊ ഞാനുണർന്നു
ഒരുപിടി വിജയ ആഘോഷയാരവങ്ങളിൽ
പിന്നിട്ട വഴികളും,പിന്നിട്ട ജീവിതയനുഭവങ്ങളും
ഓർക്കാതെ ഞാൻ നടന്നു എൻ വിജയകുതിപ്പിൽ
പോകുകയായ് പുതിയ നാടിന്റെ തുടുപ്പിൽ

യാത്രാവേളയിൽ എവിടയോ ഞാൻ
കണ്ട ജനലഴികൾക്കിടയിലൂടെ ഒരു പുതിയ ജൻമം
കണ്ട ഞാൻ എൻ ജീവിതലക്ഷ്യത്തെ
വിടാതെ പിടിക്കണമെന്നാനൊമ്പര നിമിഷങ്ങളിൽ
ഞാൻ ഓർത്തു എൻ കുടുംബത്തിൻ അവസ്ഥ.
സ്വപ്നമെന്നപോലെ എൻ ആഗ്രഹം
സാഫല്യമാകുന്ന ഇന്നിവിടെ
ഞാനല്ല ഇന്ന ഞാൻ വളരുന്ന പുതു
നിമിഷങ്ങളിൽ ഞാൻമാറും എന്നമ്മയ്ക്കു തണലായി
ഓർക്കുന്ന ഞാൻ ഈ ജൻമത്തിലെവിടെയൊ
ഒടുങ്ങാത്ത എൻ ജീവിതയാത്രയെ....

## നിങ്ങളുടെ ഓക്സിജൻ ടാങ്കുകൾ കാലിയാണ്........

വാഹനനിബിഡമായ ആ റോഡിലെ ഒരു ബസ്സിൽ അവളും ഇരിക്കയായിരുന്നു. ബസ്സിലെ സ്പീക്കറിൽ നിന്നും ഒരു മധുരമായ ശബ്ദം ഒഴുകിയിറങ്ങി. "യാത്രക്കാരുടെ ശ്രദ്ധയ്ക്ക്...നിങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഓക്സിജൻ തീരാറായിരിക്കുന്നു.നിങ്ങളുടെ ടാങ്കുകൾ കാലിയല്ലെന്ന് ഉറപ്പുവരുത്തുക. ദയവായി ദീർഘനി-

ശ്വാസം എടുക്കാതിരിക്കുക.കൂടുതൽ ജീവവായു ആവശ്യമെങ്കിൽ കൗണ്ടറിൽ പണമടയ്ക്കേണ്ടതാണ്. നന്ദി....”സഹയാത്രികർക്കൊപ്പം അവളും തന്റെ മാസ്ക് ശരിയാക്കിവച്ചു.

ബസ്സിന്റെ ജാലകത്തിലൂടെ എന്തോ കണ്ട അവൾ പൊടുന്നനെ വണ്ടി നിർത്താനാവശ്യപ്പെട്ടു. വണ്ടിയിൽ നിന്ന് ചാടിയിറങ്ങി അവൾ നിലത്തേയ്ക്കു നോക്കി. മരുഭൂമിയാൽ ചുറ്റപ്പെട്ട ആ വരണ്ടനിലത്ത് ഒരു പുൽനാമ്പ് അൽപ്പപ്രാണനായി നിൽക്കുന്നു......!

കൃഷ്ണലയ.എം.പി

***പകൽ***

*സൂര്യൻ ഉണർന്നിതാ പൂക്കളെ നോക്കി*
*അവൾ കണ്ണുതുറന്നിതാ പുഞ്ചിരിക്കുന്നു*
*ഞാൻ എഴുന്നേറ്റൊന്നു മുറ്റത്തിറങ്ങി*
*കുയിലുകൾ കാക്കൾ മൈനകൾ മുറ്റത്ത്*
*കലപില ശബ്ദങ്ങൾ കേട്ടു ഞാൻ നിന്നു.*
*അണ്ണാറക്കണ്ണൻ ഓടിക്കളിക്കുന്നു*
*ഞാനുമതിനൊപ്പം ഓടിക്കളിച്ചു*
*പശുവിൻ കരച്ചിൽ കേട്ടു ഞാൻ ചെന്നു*
*അതിൻ പൈതലിൻ കവിളത്ത്*
*മുത്തം കൊടുത്തു*
*അമ്മയെന്നെ തിരഞ്ഞവിടെയെത്തി*
*അമ്മതൻ മടിയിലെന്നെയിരുത്തി*

*ഇന്നത്തെ പകലിനിതെന്തു ഭംഗി*
*ഇന്നത്തെ പ്രകൃതിക്കിതെന്തു ഭംഗി*

കൃഷ്ണപ്രിയ.എം.എസ്

# *നന്ദിയുടെ രണ്ട് വാക്ക്*

***അനന്തമായ ആകാശത്തെ സൃഷ്ടിച്ച ദൈവം,***

***അത്ഭുതമാകുന്ന മനുഷ്യനും ജന്മം നൽകി.***
***ആ മുഷ്യന്റെ ഉൾനാമ്പുകളിൽ ദൈവം നൽകിയ***
***കഴിവ് പനർസൃഷ്ടിച്ച് കോർത്തിണക്കാനുള്ള***
***അവസരവും പ്രചോദനവും നിർദേശവും നൽകി***
***ഒരു ഡിജിറ്റൽ മാസിക രൂപ്പപെടുത്തിയ***
***ലിറ്റിൽ കൈറ്റ്സ് അധികൃതരെ നന്ദിയോടെ ഹൃദയത്തിൽ***

*സൂക്ഷിക്കുന്നു. ഈ കയ്യൊപ്പ് അണിയിച്ചൊരുക്കിയ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അറിവിന്റെ ദീപങ്ങളെയും ഹൃദയപൂർവം ഞങ്ങൾ അഭിനന്ദിക്കുന്നു.*

*നന്ദി.... നന്ദി.... നന്ദി.... !*

LOURDE MATHA HIGHER SECONDARY SCHOOL

LOVE FRATERNITY

LOURDE MATHA H.S.S
MANGALAMDAM

MANGALAMDAM